

എ കെ പി സി ടി എ 35–ാം സംസ്ഥാന സമ്മേളനം ശ്രീ എൻ. റാം
കോട്ടയം മാമ്മൻമാപ്പിളഹാളിൽ ഉദ്ഘാടനം ചെയ്യുന്നു.

# അദ്ധ്യാപകരെ തരംതാഴ്ത്താൻ അനുവദിക്കില്ല

# kerala private college teacher

JUNE 1993 No. 111

*എ കെ പി സി ടി എ സംസ്ഥാന കമ്മിററി ഓഫീസ് വിലാസം*

28/406,
അംബുജവിലാസം റോഡ്
തിരുവനന്തപുരം-695 001
ഫോൺ : 77494

*പ്രസിഡൻറ്*

പ്രൊഫ വി. നാരായണൻകുട്ടി
ഗുരുവായൂരപ്പൻ കോളേജ്
കോഴിക്കോട്
ഫോൺ : 414 (മാങ്കാവ്)

*ജനറൽ സെക്രട്ടറി*

പ്രൊഫ. കെ. സദാശിവൻനായർ
അർച്ചന
പഴയസെമിനാരിറോഡ്
ചുങ്കം
കോട്ടയം
ഫോൺ : 565611 (0481)

*കൂടുതൽ അംഗങ്ങളെ ചേർക്കുക*

പ്രൈവററ് കോളേജധ്യാപകരംഗത്തെ ഏററവും വലിയസംഘടനയാണ് എ കെ പി സി ടി എ. എന്നാൽ ഒരു സംഘടനയിലും പെടാതെ നിൽക്കുന്ന നിരവധി അധ്യാപകരുണ്ട്. അംഗങ്ങളെ ചേർക്കുന്ന ഈ സമയത്ത് എല്ലാ അദ്ധ്യാപകരേയും സമീപിക്കുക. മൊത്തം അധ്യാപകരേയും എ കെ പി സി ടി എ യിൽ അണിനിരത്താനുള്ള തീവ്ര പരിശ്രമം തുടരുക. വരിസംഖ്യ ട്രഷററർക്ക് അയയ്ക്കണം.

പ്രൊഫ. സി. ജെ. ശിവശങ്കരൻ
ട്രഷറർ, എ കെ പി സി ടി എ
മഞ്ജുഷ
ഇരിങ്ങാലക്കുട
തൃശൂർ

*ജേർണൽ പേജുകൾ വർദ്ധിപ്പിക്കുന്നു. വാർഷിക വരിസംഖ്യ 20 രൂപ*

'കേരള പ്രൈവററ് കോളേജ് ടീച്ചറിൻെറ നൂററിപതിനൊന്നാം ലക്കമാണ് ഇപ്പോഴിറങ്ങുന്നത്. അംഗങ്ങൾക്ക് ഏററെ പ്രയോജനം ചെയ്യുന്ന ഈ പ്രസിദ്ധീകരണത്തിൻെറ കെട്ടിലും മട്ടിലും കുറെക്കൂടി മാററം വരുത്താനുള്ള പരിശ്രമം നടക്കുകയാണ്. പേജുകൾ വർദ്ധിപ്പിക്കുന്നു. വാർഷിക വരിസംഖ്യയിലു നേരിയ വർദ്ധനവ്. ഇനിമുതൽ 20 രൂപ. കുടിശ്ശിക വരുത്തരുത്. വരിസംഖ്യ മാനേജിംഗ് എഡിററർക്ക് അയയ്ക്കുക.

പ്രൊഫ. കെ. പി. ദിവാകരൻനായർ
അശ്വതി
എൽ. ഐ. സി. ലെയിൻ 'ബി'
പട്ടം
തിരുവനന്തപുരം
ഫോൺ : 432505

*മാററർ എഡിററർക്ക്*

വിദ്യാഭ്യാസ പ്രശ്നങ്ങൾ, ചോദ്യങ്ങൾ, വാർത്തകൾ എല്ലാം എഡിററുടെ പേർക്ക് അയയ്ക്കുക.

പ്രൊഫ. വി. എൻ. മുരളി
വസന്തം
ചെമ്പകശേരിനഗർ
കേശവദാസപുരം
തിരുവനന്തപുരം-4
ഫോൺ : 442242

*വിദ്യാഭ്യാസ സംരക്ഷണ സമിതി പ്രവർത്തനങ്ങൾ വിജയിപ്പിക്കുക*

താറുമാറായിക്കിടക്കുന്ന വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വിദ്യാഭ്യാസസംരക്ഷണസമിതി നടത്തുന്ന പ്രവർത്തനങ്ങളുമായി എല്ലാ അദ്ധ്യാപകരും സഹകരിക്കുക. പ്രമുഖ സംഘടനകളായ കെ. എസ്. ടി. എ., എ. കെ. ജി. സി. ടി., എ. കെ. പി. സി. ടി. എ. എന്നിവ ചേർന്ന് രൂപീകരിച്ചിട്ടുള്ള സമിതിയുടെ സംസ്ഥാനതല പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ജൂൺ 10 ന് തിരുവനന്തപുരത്ത് സ. ഇ. എം. എസ്. നിർവ്വഹിച്ചു. സർവ്വശ്രീ. പി പി. ഉമ്മർകോയ, ഡോ. എൻ. എ. കരീം, ബാലകൃഷ്ണൻനമ്പ്യാർ, പ്രൊഫ. ടി. കെ സദാശിവൻനായർ, പ്രൊഫ. ടി. വി. ബാലൻ, പ്രൊഫ. കാർത്തികേയൻ നായർ എന്നിവർ സംസാരിച്ചു.

# സാഹസത്തിന് മുതിരരുത്

കോളേജുകളിൽ പഠിപ്പിച്ചുകൊണ്ടിരിക്കുന്ന അധ്യാപകരിൽ പകുതിയോളംപേർ സ്ക്കൂളിലേക്ക് ഉടൻ പൊയ്ക്കൊള്ളണം— ഇതാണ് കരുണാകരസർക്കാർ എഴുതിവച്ചിരിക്കുന്ന ഏകീകൃത നിയമത്തിന്റെ കാതലായ ഭാഗം. (Section 53. (3) Junior most teachers of all Colleges who are not covered by the UGC Scheme and considered surplus for Degree Courses shall be transferred by Govt. to Higher Secondary Division. (8) Such teachers shall have the right to retain their lien in their present institutions.........)

ഒരു ഔദാര്യം കാട്ടിയിട്ടുണ്ട്. അവരുടെ ലീൻ കോളേജിൽ നില നിർത്താൻ അനുവദിക്കും. മുൻകാലങ്ങളെക്കാൾ എത്ര വലിയ ഭീഷണിയാണ് കോളേജധ്യാപകർ ഇപ്പോൾ നേരിടുന്നതെന്ന് മുകളിൽ കൊടുത്തിരിക്കുന്ന വരികൾ വ്യക്തമാക്കുന്നുണ്ടല്ലോ. കോളേജധ്യാപകരിൽ പകുതിയോളംപേർ കോളേജധ്യാപകരല്ലാതാകാൻപോകുന്നു മറ്റൊരു മേഖലയിലും ഇങ്ങനെയൊരു ഭീഷണി ഉണ്ടായിക്കാണുമെന്നു തോന്നുന്നില്ല. മറ്റെല്ലാ അഭിപ്രായ്യതവ്യാസങ്ങളും മാററിവച്ച് പരമാവധി യോജിപ്പോടെ നീങ്ങിയാൽ മാത്രമേ ഈ വിപത്തിനെ അതിജീവിക്കാൻ അധ്യാപകർക്കുകഴിയൂ.

ഇന്നുള്ള മൊത്തം കോളേജധ്യാപകർക്കും സംരക്ഷണമുറപ്പാക്കിക്കൊണ്ടാണ് നായനാർ സർക്കാർ യു. ജി. സി. പദ്ധതി കേരളത്തിൽ നടപ്പാക്കിയത്. കോളേജിലേയ്ക്ക് നിയമിക്കപ്പെട്ട അധ്യാപകരെ ഹയർസെക്കൻററി ബോർഡിന്റെ കീഴിലാക്കിയാലെ യു. ജി. സി. നടപ്പിലാക്കുകയുള്ളൂവെന്ന് ആ സർക്കാർ പറഞ്ഞില്ല. മാത്രമല്ല അന്നത്തെ വിദ്യാഭ്യാസ മന്ത്രി ശ്രീ കെ. ചന്ദ്രശേഖരൻ നിയമസഭയിൽ പറഞ്ഞതു തന്നെ സ്കീമെന്നും സ്കെയിലെന്നുമുള്ള തിരിവ് വെറും പേപ്പറിൽ മാത്രമുള്ളതാണെന്നാണ്. 1990 ലെ ആ തീരുമാനമാണ് ഇപ്പോഴും തുടരുന്നത്. എല്ലാ അധ്യാപകരും ഡിഗ്രി, പ്രീഡിഗ്രി, പി. ജി. വ്യത്യാസമില്ലാതെ പഠിപ്പിക്കുന്നു. വർക്ക്ലോഡ് നിശ്ചയിക്കുന്നതും ഈ വ്യത്യാസമൊന്നുമില്ലാതെയാണ്. ഇന്നു നിലനിൽക്കുന്ന ഈ സംവിധാനമാകെ തകിടം മറിയ്ക്കുവാനാണ് നീക്കം. ഇത് എന്തിനുവേണ്ടിയാണ്? യു ജി സി നടപ്പിലാക്കിയതിന്റെ പേരിലാണെന്നുപറയാനാവില്ല അങ്ങനെയെങ്കിൽ യു ജി സി നടപ്പിലാക്കുന്നതിനുമുമ്പ് പ്രീഡിഗ്രി ബോർഡുകൊണ്ടുവന്ന് കുഴപ്പം സൃഷ്ടിച്ചതോ? ഇന്നു സർവ്വീസിലുള്ള അധ്യാപകരെ വഴിയാധാരമാക്കുന്ന ഏതു നീക്കത്തെയും മുമ്പ് പ്രീഡിഗ്രി ബോർഡ് പ്രശ്നത്തിലെന്നപോലെ, എ കെ പി സി ടി എ എതിർത്തുതോല്പിക്കുകതന്നെ ചെയ്യും.

kerala private college teacher

monthly journal of the all kerala private college teachers' association

state committee office,
t. c. 28/406,
ambujavilasam road,
thiruvananthapuram-1

phone : 77494

no. 111
june, 1993

editor
v. n. murali

managing editor
K. p. divakarannair

editorial board
george sebastian
t. n. raman pillai
p. g. chandrasekharan nair
dr. k. b. pavtihran
rajendran
johny k john
george

പകുതിയോളം അധ്യാപകരെ കോളേജുകൾക്കു പുറത്താക്കാൻ നിയമം സൃഷ്ടിക്കുന്ന സർക്കാർ മൊത്തം അധ്യാപകരുടെയും സേവനവ്യവസ്ഥകൾ എടുത്തുകളയാനും തീരുമാനിച്ചിരിക്കയാണ്. യൂണിവേഴ്സിറ്റി നിയമത്തിൽ അധ്യാപകരുടെ സേവനവ്യവസ്ഥകളെക്കുറിച്ചു പറയുന്ന പ്രത്യേകമായ ഒരു ഭാഗം തന്നെയുണ്ട് എട്ടാം അദ്ധ്യായം. അത് അധ്യാപകരുടെ മാഗ്നാകാർട്ടയാണ് അതപ്പാടെ ആക്ടിൽനിന്ന് നീക്കം ചെയ്യാൻ പോവുകയാണ്. യൂണിവേഴ്സിറ്റികൾക്ക് സേവനവ്യവസ്ഥകൾ സംബന്ധിച്ച് സ്റ്റാറ്റ്യൂട്സ് ഇറക്കാമെന്നാണ് സർക്കാരിന്റെ കാഴ്ചപ്പാട്. ആക്ട് നിയമസഭ പാസാക്കുന്നതാണ് നിയമപരിരക്ഷയുള്ളതാണ്. സ്റ്റാറ്റ്യൂട്സ് പാസാക്കുന്നത് യൂണിവേഴ്സിറ്റി സെനററുകളാണ്. ആക്ടിനുള്ള നിയമപരിരക്ഷ സ്റ്റാറ്റ്യൂട്സിന് ലഭിക്കില്ല. സേവനവ്യവസ്ഥകൾക്ക് നിയമപരിരക്ഷയുണ്ടാകരുതെന്നുതന്നെയാണ് കരുണാകരേണ്ടം ആഗ്രഹിക്കുന്നത്. പുത്തൻ സാമ്പത്തീകനയത്തിൽ മുതലാളിയുടെ വെറും കൂലിഅടിമ ആയിരിക്കണം തൊഴിലാളി! മുതലാളിക്ക് 'ഹയർ ആന്റ് ഫയർ' അവകാശം വേണം. ഇന്ന് അധ്യാപകനെതിരെ നടപടിയുണ്ടായാൽ അപ്പലേററ് ട്രൈബ്യൂണലിനെ സമീപിക്കാം, കോടതിയിൽ പോകാം. ഏകീകൃതനിയമം വരുമ്പോൾ ഈ അവകാശങ്ങളൊക്കെ നഷ്ടമാകും.

ഇതിനെല്ലാമുപരി സർവ്വകലാശാലാ ജനാധിപത്യമാകെ തകരാൻ പോവുകയാണ്. സർവ്വകലാശാലാ സ്വയംഭരണത്തിന്റെ അടിത്തറയായ അക്കാദമിക് സ്വാതന്ത്രവും ജനാധിപത്യവുമെല്ലാം ബ്യൂറോക്രസിക്ക് അടിയറവയ്ക്കാനാണ് നീക്കം. വൈസ്ചാൻസിലറെ മുൻനിർത്തി അക്കാദമിക് ബ്യൂറോക്രാററുകളുടെ വലിയൊരു സംഘത്തെ വാർത്തെടുക്കാനാണ് പരിശ്രമം. സർവ്വത്ര നോമിനേഷനാകുമ്പോൾ അധികാരങ്ങളെല്ലാം കേന്ദ്രീകരിക്കുന്നത് വൈസ് ചാൻസ്ലറിലായിരിക്കുമല്ലോ. ഇപ്പോഴത്തെ പരമാധികാര സഭയായ സെനററിനെ വെറുമൊരു ഉപദേശക സമിതിയാക്കി തരംതാഴ്ത്തുന്നു സെനററിലും സിൻഡിക്കേററിലും ബഹുഭൂരിപക്ഷമംഗങ്ങളും നോമിനേററു ചെയ്യപ്പെടുന്നവരായിരിക്കും. വിദ്യാഭ്യാസമന്ത്രിയ്ക്ക് എപ്പോഴും കൈകടത്താൻ പാകത്തിൽ സർവ്വകലാശാലയെ സർക്കാരിന്റെ വെറുമൊരു ഡിപ്പാർട്ടുമെൻറായി മാററുന്ന നിർദ്ദേശമാണ് നിയമത്തിൽ ഇപ്പോൾ എഴുതിവച്ചിരിക്കുന്നത്.

ഇത്തരം തലതിരിഞ്ഞ പരിഷ്ക്കാരങ്ങൾ അടിച്ചേൽപ്പിക്കാൻ തുനിയരുതെന്നാണ് സർക്കാരിനോട് ഞങ്ങൾക്കു പറയാനുള്ളത്. അങ്ങിനെ നടത്തിയിട്ടുള്ള ശ്രമങ്ങൾ വിജയിച്ചിട്ടില്ലെന്ന് ഓർമ്മിപ്പിക്കേണ്ടല്ലോ. ഉന്നതവിദ്യാഭ്യാസരംഗത്തുവരേണ്ട മാററങ്ങളെക്കുറിച്ച് അഭിപ്രായം പറയാൻ കഴിയുന്ന പ്രഗത്ഭമതികൾ കേരളത്തിലുണ്ട്. കോളേജുകൾ വെട്ടിമുറിക്കുന്നതും, അധ്യാപകരെ വിഭജിക്കുന്നതുമൊന്നുമല്ല പരിഷ്കാരങ്ങൾ എന്നാണവർ അഭിപ്രായപ്പെട്ടിട്ടുള്ളത് മൗലികമായമാററം വിദ്യാഭ്യാസരംഗത്തുവരുത്താനുള്ള ആഗ്രഹം സർക്കാരിനുണ്ടെങ്കിൽ അതേപ്പററി തുറന്ന ചർച്ചയ്ക്ക് സർക്കാർ തയ്യാറാകണം. അല്ലാതെ പഴയവാശിതീർക്കാനാണു ശ്രമമെങ്കിൽ ഫലം വിപരീതമായിരിക്കുമെന്നുമാത്രം ഞങ്ങൾ മുന്നറിയിപ്പു നല്കുന്നു. □

# സ്ഥലംമാററ നിയമം ഒരു വോട്ടിന് പരാജയപ്പെട്ടു

# ഒരുസംഘടനയുടെ ചതി

അധ്യാപകരുടെ സംഘടനയാണെങ്കിൽ ഇങ്ങിനെ ചെയ്യുമോ? അവിശ്വസനീയം! അധ്യാപകസ്ഥലംമാററത്തിനുള്ള നിയമത്തെ അധ്യാപക പ്രതിനിധിതന്നെ സിൻഡിക്കേററിൽ വോട്ടുചെയ്ത് പരാജയപ്പെടുത്തുക! അതും നിർണായകമായ ഒരു വോട്ടിന് സ്ഥലംമാററ നിയമം പരാജയപ്പെട്ടുപോവുക. കേരള യൂണിവേഴ്സിററി സിൻഡിക്കേററിൻെറ മാർച്ച് 27ന് നടന്ന യോഗത്തിൽ കെ. പി. സി. ടി. യു നേതാവാണ് ഈ കൊടുംചതി ചെയ്തത്.

ഒരു യൂണിവേഴ്സിററിക്കകത്തുള്ള കോർപ്പറേററ് മാനേജ്മെൻറ് കോളേജുകളിലെ അധ്യാപകരുടെ സ്ഥലംമാററത്തിനുള്ള 'ഇൻട്രാ യൂണിവേഴ്സിററി ട്രാൻസ്ഫർ നോംസ്' കഴിഞ്ഞ നായനാർ സർക്കാരാണ് കൊണ്ടുവന്നത്. അതിനെതിരെ എൻ. എസ്. എസ് മാനേജ്മെൻറ് കോടതിയിൽ കേസുകൊടുത്തു. സിംഗിൾ ബഞ്ചിൻെറ വിധി അധ്യാപകർക്കനുകൂലമായിരുന്നു. ഡിവിഷൻ ബഞ്ചിൽ കേസു വന്നപ്പോഴേക്കും സർക്കാർ മാറി. പഴയ സർക്കാർ കൊണ്ടുവന്ന സ്ഥലംമാററ നിയമം നിലനിർത്താൻവേണ്ടി ശക്തമായി കോടതിയിൽ വാദിക്കാൻ കരുണാകര സർക്കാർ തയ്യാറായില്ല അതുമൂലം വിധി മാനേജ്മെൻറിന് അനുകൂലമായി. എന്നാൽ ഡിവിഷൻ ബഞ്ചിൻെറ വിധിയിൽ സുപ്രധാനമായ ഒരു ഭാഗമുണ്ടായിരുന്നു. ഈ സ്ഥലംമാററനിയമം യൂണിവേഴ്സിററിക്കുതന്നെ കൊണ്ടുവരാവുന്നതാണെന്ന കോടതി അഭിപ്രായപ്പെട്ടു. അതനുസരിച്ചാണ് കേരളാ യൂണിവേഴ്സിററി സെനററിൽ ഈ നിയമത്തിൻെറ ആദ്യാവതരണം നടന്നത് യൂണിവേഴ്സിററി സെനററിൻെറ നിയമമനുസരിച്ച് രണ്ടാമതും ഇത് സെനററിലവതരിപ്പിച്ച് പാസാക്കണം. അപ്പോഴേക്കും സെനററ് പിരിച്ചുവിടപ്പെട്ടു. സെനററിൻെറ അധികാരം സിൻഡിക്കേററിനായി. മാർച്ച് 27-ന് കൂടിയ സിൻഡിക്കേററിൻെറ അജൻഡയിൽ ഈ വിഷയം വന്നു. അന്നിതു പാസാകുമെന്ന സന്തോഷത്തിലാ മാനേജ് യിരുന്നു അധ്യാപകർ. അന്നത്തെ സിൻഡിക്കേററിൽ ഇത് ചർച്ചക്ക് വന്നപ്പോൾ മെൻററ് പക്ഷക്കാരായവർ നിയമത്തെ എതിർത്തു. ഒടുവിൽ വോട്ടിനിടേണ്ടിവന്നു. സ്ഥലംമാററ നിയമത്തെ അനുകൂലിക്കുന്നവർക്ക് ഏഴ് വോട്ടുകിട്ടി. എതിർക്കുന്നവർക്ക് എട്ട് വോട്ടും. ഒരു വോട്ടിൻെറ വ്യത്യാസത്തിൽ നിയമം തള്ളിപ്പോയി. ആ ഒരു വോട്ട് കെ. പി. സി. ടി. യു നേതാവിൻേറതായിരുന്നു! സംഘടനകളുടെ ചരിത്രത്തിൽ ഇതുപോലുള്ള കൊടിയ വഞ്ചനയ്ക്ക് വേറേ ഉദാഹരണം കുറവായിരിക്കും.

ഈ വഞ്ചനയിൽ അത്ഭുതപ്പെടാനില്ല. കെ. പി. സി. ടി. യു. വും അതിൻെറ പൂർവ രൂപങ്ങളും (ഒട്ടേറെയുണ്ട്) മാനേജുമെൻറുകളുടെ പിണിയാളുകളായിട്ടാണ് എക്കാലവും നിലകൊണ്ടിട്ടുള്ളത്. ഒരു യൂണിവേഴ്സിററിയിൽ നിന്നും മറെറാരു യൂണിവേഴ്സിററിയിലേക്ക് അധ്യാപകരെ സ്ഥലം മാററുന്നത് അവസാനിപ്പിക്കാൻ എ. കെ. പി. സി. ടി. എ. സുദീർഘമായ പോരാട്ടം നടത്തി. ഇതിനായി സംഘടന യൂണിവേഴ്സിററി നിയമത്തിലെ 64, 68 വകുപ്പുകൾ നടപ്പിലാക്കി കിട്ടുന്നതിന് കോടതിയിൽ കേസുകൊടുത്തു നീണ്ടു നിന്ന നിയമയുദ്ധം നടത്തി. സുപ്രീംകോടതിവരെ കേസു പോയി ഭാരിച്ച സാമ്പത്തിക ബാധ്യത സംഘടനയ്ക്കുണ്ടായി. ഈ ഘട്ടത്തിൽ കെ. പി. സി. ടി. യു വിൻെറ 'പൂർവ്വരൂപം, മാനേജുമെൻറുമായിചേർന്ന് അധ്യാപകരെ എതിർക്കുകയായിരുന്നു. ചില വീരൻമാർ മാനേജുമെൻറിനുവേണ്ടി കേസു പറയാനും മുതിർന്നു. പക്ഷേ ഈ കുതികാൽ വെട്ടികളെ

ശേഷം 31-ാം പേജിൽ

ഇ. എം. എസ്. നമ്പൂതിരിപ്പാട്

# നമ്മുടെ വിദ്യാഭ്യാസരീതി —ഇന്നലെ, ഇന്ന്, നാളെ

വിദ്യാഭ്യാസ സംരക്ഷണ സമിതി കൺവൻഷൻ ഉദ്ഘാടനം ചെയ്തുകൊണ്ട് നടത്തിയ പ്രസംഗം

ഈ കൺവെൻഷനിൽ പങ്കെടുത്ത് കേരളത്തിലെ (അഖിലേന്ത്യാതലത്തിലേയും) വിദ്യാഭ്യാസ പ്രശ്നങ്ങളെ സംബന്ധിച്ച എനിക്കുള്ള അഭിപ്രായങ്ങൾ വ്യക്തമാക്കാൻ അവസരം നല്കിയ വിദ്യാഭ്യാസ സംരക്ഷണസമിതി ഭാരവാഹികളോട് എനിക്കുള്ള കൃതജ്ഞത ആദ്യമായിത്തന്നെ വ്യക്തമാക്കിക്കൊള്ളട്ടെ.

## വിദ്യാഭ്യാസ സുരക്ഷാസമിതിയും വിദ്യാഭ്യാസ സംരക്ഷണ സമിതിയും

ഒന്നു രണ്ട് വർഷങ്ങൾക്ക്മുൻപ് പ്രൊഫ: ഗുപ്തൻനായർ അടക്കം ഏതാനും വിദ്യാഭ്യാസ വിചക്ഷണന്മാർ ചേർന്ന് 'വിദ്യാഭ്യാസ സുരക്ഷാസമിതി' എന്ന ഒരു സംഘടന രൂപീകരിച്ചിരുന്നു. അതിന്റെ നേതാക്കൾ ഉന്നയിച്ചിരുന്നത് ഒരൊററ പ്രശ്നമാണ് 'വിദ്യാലയ രാഷ്ട്രീയം. വിവിധ ചിന്താഗതിക്കാരായ വിദ്യർത്ഥികൾ ചേർന്നു സംഘടനയുണ്ടാക്കുകയും വിദ്യാലയ തെരഞ്ഞെടുപ്പുകളിൽ അവർ മത്സരിക്കുകയും ചെയ്യുന്നത് നിമിത്തമുണ്ടാകുന്ന 'വിദ്യാലയ രാഷ്ട്രീയം' എന്ന ഒരൊററ പ്രശ്നമേ വിദ്യാഭ്യാസത്തിനു നേരിടാനുള്ളൂ. ഈ സ്ഥിതി ഇല്ലാതാക്കിയാൽ നമ്മുടെ വിദ്യാഭ്യാസ രീതി കുററമററതായി നടക്കും ഇതായിരുന്നു അവരുടെ വാദം.

ഈ കൺവെൻഷൻ സംഘടിപ്പിക്കുന്ന 'വിദ്യാഭ്യാസ സംരക്ഷണ സമിതി' ഈ നിലപാടല്ല അംഗീകരിക്കുന്നതെന്നു കാണുന്നതിൽ എനിയ്ക്ക് സന്തോഷമുണ്ട്. 'വിദ്യാലയ രാഷ്ട്രീയം' ചില പ്രശ്നങ്ങളുണ്ടാക്കുന്നുണ്ടെന്നും അതിനു പരിഹാരം കണ്ടേണ്ടതുണ്ടന്നും പറയുന്നതിനോട് എനിയ്ക്ക് വിയോജിപ്പില്ല. അതിനു വേണ്ടി ഗുപ്തൻനായരെപ്പോലുള്ളവർ നിർദ്ദേശിക്കുന്ന മാർഗ്ഗത്തോടാണ് എനിയ്ക്ക് വിയോജിപ്പ്. അതിലും പ്രധാനമായ മറെറാരു സംഗതിയുണ്ട്: ഈ ഒരൊററപ്രശ്നം ഒഴിച്ച് മറെറാന്നും നമ്മുടെ വിദ്യാഭ്യാസ മേഖലയെ ബാധിക്കുന്നില്ലെന്ന അവരുടെ നിലപാട് വസ്തുതാപരമായി തെററാണ്. ഇക്കാര്യത്തിൽ' വിദ്യാഭ്യാസ സംരക്ഷണ സമിതിയുടെ താഴെ കൊടുക്കുന്ന വിലയിരുത്തലിനോട്, ഞാൻ പൂർണ്ണമായി യോജിക്കുന്നു.


"കേരളത്തിലെ വിദ്യാഭ്യാസരംഗം തൃപ്തികരമാണെന്ന് ആരും പറയില്ല. എല്ലാവർക്കും പരാതിയാണ്. അതിന് ഓരോരുത്തരും പറയുന്ന കാര്യങ്ങൾ വ്യത്യസ്തങ്ങളാണെന്നു മാത്രം."

'സമൂഹത്തിനു വിദ്യാഭ്യാസം നല്കുക എന്ന ബാദ്ധ്യത സർക്കാരിൽ നിക്ഷിപ്തമാണ്. എന്നാൽ ഇപ്പോൾ സാധാരണ ജനങ്ങൾക്ക് വിദ്യാഭ്യാസൗകര്യങ്ങൾ നിഷേധിക്കുന്ന നയങ്ങളാണ് കേരളസർക്കാർ അവലംബിച്ചിരിക്കുന്നത്. പാവപ്പെട്ടവർ അനുഭവിച്ചിരുന്ന ആനുകൂല്യങ്ങൾ അവർക്ക് നഷ്ടമാവുന്നു. പാഠപുസ്തകങ്ങളുടെ വിലവർദ്ധന, സ്പെഷ്യൽ ഫീസും ട്യൂഷൻ ഫീസും പതിൻമടങ്ങ് വർദ്ധിപ്പിച്ചത്, ബസ്കൺസെഷൻ വെട്ടിക്കുറച്ചത് മുതലായ നടപടികൾ സാധാരണക്കാരെ അങ്ങേയററം ബുദ്ധിമുട്ടിലാക്കും. നിശ്ചിതവരുമാനക്കാരായ പാവപ്പെട്ടവർക്ക് ഈ വർദ്ധന താങ്ങാനാവാതെവരും. അവർക്ക് വിദ്യാഭ്യാസം അന്യമാവും പണമുള്ളവനുമാത്രം വിദ്യാഭ്യാസം ലഭിക്കുന്ന സ്ഥിതി വരും. നിർബന്ധിതവും സാർവത്രികവുമായ പ്രാഥമിക വിദ്യാഭ്യാസം എന്ന ഭരണഘടനാ വാഗ്ദാനത്തിൽ നിന്നും സർക്കാർ തെന്നിമാറുകയാണ്.',

(ശേഷം 34-ാം പേജിൽ)


# എ. കെ. പി. സി. ടി. എ. സംസ്ഥാനസമ്മേളനം

# സംഘശക്തിയുടെ പ്രകടനം



സ്വാഗതം; പ്രൊഫ. ജോയികുളവേലിൽ. വേദിയിൽ: മുനിസിപ്പൽ ചെയർമാൻ പി. സി. ചെറിയാൻ മടുക്കാനി, ജില്ലാകൗൺസിൽ പ്രസിഡൻറ് ടി. വി അബ്രഹാം, പ്രൊഫ. ജോർജ്സെബാസ്ററ്യൻ, എൻ. റാം, പ്രൊഫ. ടി. എൻ. രാമൻപിള്ള.

കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്ന കരുത്തുററ സംഘടനയായ എ കെ പി സി ടി എ യുടെ 35 ാം സംസ്ഥാന സമ്മേളനം 1993 മാർച്ച് 27, 28 തീയതികളിൽ കോട്ടയത്തു നടന്നു. കഴിഞ്ഞ മൂന്നര പതിററാണ്ടുകളിലേറെ അവകാശങ്ങൾക്കുവേണ്ടിയുള്ള അദ്ധ്യാപക മുന്നേററങ്ങളുടെ മുന്നണിയിൽ നിലകൊണ്ടിട്ടുള്ള ഈ സംഘടന സഹയാത്രികരായ ഇതര പുരോഗമന പ്രസ്ഥാനങ്ങളോടൊപ്പം കേരളത്തിൻെറ സാമൂഹ്യ-സാംസ്കാരിക രംഗങ്ങളിൽ പൊരുതി മുന്നേറുകയാണ്. വർഗ്ഗീയത അതിൻെറ ഏററവും ഭീഷണമായ രൂപത്തിൽ അഴിഞ്ഞാടുകയും ഇന്ത്യയെഒരു നവ കൊളോണിയൽ സ്റേററാക്കി മാററുവാനുള്ള ഗൂഢാലോചനക്ക് ഭരണകൂടം കീഴടങ്ങുകയും ചെയ്യുന്ന ഒരു സവിശേഷ രാഷ്ട്രീയ സാമ്പത്തിക സാഹചര്യത്തിലാണ് 35-ാം സംസ്ഥാനസമ്മേളനം നടന്നത്. അതുകൊണ്ടുതന്നെ ഏറെ ഗൗരവവും സവിശേഷമാ



പൊതു സമ്മേളനം ഉദ്ഘാടനം : ഇ. കെ. നായനാർ, ആശംസ; എം. എം. ലോറൻസ്.

യ ചില കടമകളും ഈ സമ്മേളനത്തിന്റെ പ്രത്യേകതയായിരുന്നു.

## പഠനസമ്മേളനങ്ങൾ
## വിളംബരജാഥ

സംസ്ഥാന സമ്മേളനത്തിന്റെ മുന്നോടിയായി കോട്ടയത്തെ വിവിധ വേദികളിൽവച്ച് അഞ്ച് പഠനസമ്മേളനങ്ങൾ നടക്കുകയുണ്ടായി മാർച്ച് 22 തിങ്കളാഴ്ച രാവിലെ 9 മണിക്ക് കേരളത്തിലെ വിവിധ കോളേജുകളിൽ സമ്മേളനത്തിന് മുന്നോടിയായി പതാക ഉയർന്നതോടെ സംസ്ഥാന സമ്മേളനത്തിന് ഔപചാരികമായ ആരംഭമായി. അന്ന് വൈകിട്ട് കോട്ടയം സി എം എസ് കോളേജിൽനിന്നാരംഭിച്ച് ബസേലിയസ് കോളേജിലവസാനിച്ച വിളംബരജാഥ നടന്നു. 35-ാം സംസ്ഥാന സമ്മേളനത്തിന്റെ ആരംഭം അറിയിച്ചുകൊണ്ട് നടന്ന ജാഥയിൽ നൂറുകണക്കിന് അധ്യാപകർ പങ്കെടുത്തു. ജാഥക്കുശേഷം ബസേലിയസ് കോളേജിൽ 'പുത്തൻ സാമ്പത്തിക വ്യവസായനയം' എന്ന വിഷയത്തെപ്പററിയുള്ള ഒന്നാം പഠനസമ്മേളനം നടക്കുകയുണ്ടായി. പ്രൊഫ. പി. രവീന്ദ്രനാഥ് മോഡറേറ്റർ ആയുള്ള സമ്മേളനത്തിൽ ശ്രീ പി വി കര്യൻ, ശ്രീ പാലീത്ര നാരായണൻ, ഡോ മാത്യുകുര്യൻ എന്നിവർ വിഷയമവതരിപ്പിച്ചുകൊണ്ട് സംസാരിക്കുകയും മററധ്യാപകർ ചർച്ചയിലിടപെട്ടുകൊണ്ട് അഭിപ്രായങ്ങൾ പ്രകടിപ്പിക്കുകയും ചെയ്തു. സാമ്പത്തിക ഉദാരവൽക്കരണത്തിന്റെ മറവിൽ ഇന്ത്യയുടെ സ്വാശ്രയത്വത്തെ പണയപ്പെടുത്തുകയും ഇന്ത്യയുടെമേൽ കമ്പാളക്കണ്ണുള്ള ഒന്നാം ലോകശക്തികളുടെയും വിദേശ ഏജൻസികളുടെയും താല്പര്യങ്ങൾക്ക് കീഴടങ്ങുകയും ചെയ്യുന്ന ഭരണകൂടത്തിനെതിരെയുള്ള മുന്നറിയിപ്പും ഇന്ത്യയുടെ ഭാവിയെപ്പററിയുള്ള ഉൽകണ്ഠയും എല്ലാശബ്ദങ്ങളിലുമുണ്ടായിരുന്നു. ഇന്ത്യയുടെ സ്വാശ്രയത്വത്തിനുവേണ്ടിയുള്ള ചെറിയൊരാഗ്രഹംപോലും അനിവാര്യവും ശക്തവുമായ ഒരു ചെറുത്തുനില്പാവശ്യപ്പെടുന്നുണ്ട്. ചർച്ചയിൽ ഇടപെട്ട് സംസാരിച്ചവരും ഈ അഭിപ്രായം പങ്കുവയ്ക്കുകയായിരുന്നു.

മാർച്ച് 23 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് കോട്ടയം വൈ എം സി എ ഹാളിൽ വച്ച് വനിതാ സമ്മേളനം നടന്നു. ശ്രീമതി. ജെ. ലളിതാംബിക ഐ. എ. എസ് ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ ശ്രീമതിമാർ എം കെ കമലമ്മ, അന്നമ്മാജോസഫ് എന്നിവർ വിഷയം അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചു. പുരുഷനൊപ്പം ജനിക്കാനും ജീവിക്കാനും സഞ്ചരിക്കാനുമുള്ള അവകാശം സ്

തിക്കുമുണ്ട്, പക്ഷെ സമൂഹമിന്നും സ്ത്രീകളെ വിവേചനത്തിന്റെ വിളിപ്പാടകലെ നിർത്താൻ ബോധപൂർവ്വം ശ്രമിക്കുന്നു. പൊതുരംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകളെ സ്വഭാവഹത്യനടത്തി അന്തർമുഖരാക്കാനുള്ള ഗൂഢാലോചനയും പലപ്പോഴും നടക്കുന്നു. ഇതിനെതിരെയുള്ള പ്രതിഷേധം സ്ത്രീയുടെ ശബ്ദത്തിൽ പഠനസമ്മേളനത്തിൽ മുഴങ്ങി. സാമൂഹ്യരംഗത്ത് സ്ത്രീകൾക്കുണ്ടാകേണ്ട വർദ്ധിച്ച പങ്കാളിത്തവും പ്രത്യേകം പരാമർശിക്കപ്പെട്ടു. അന്താരാഷ്ട്ര വനിതാ പുരസ്കാരം നേടിയ ഡോ. ഏറ്റി ജോർജിന് സമ്മേളനത്തിൽ വച്ച് സ്വീകരണം നൽകുകയുണ്ടായി.

മില്ലാത്തവർ അധികാരം കയ്യാളുന്ന വർത്തമാനകാല സാഹചര്യത്തിൽ ഏറെ പ്രസക്തിയുള്ള ഈ വിഷയത്തെപ്പറ്റി ശ്രീ കെ എൻ ഹരിലാലും അഡ്വ പി ജി പത്മനാഭനും സംസാരിച്ചു. പ്രൊഫ. റ്റി. ജോർജ്ജ് സെബാസ്റ്റ്യൻ മോഡറേറ്ററായിരുന്നു. കൃഷിയും ശാസ്ത്രസാങ്കേതികതയും വിദേശനിയന്ത്രണത്തിലാവുന്ന സാഹചര്യം രാജ്യത്തെ ആത്മഹത്യയിലേക്കാണ് നയിക്കുകയെന്ന് ചർച്ചയിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടു.


വ്യാഴാഴ്ച വൈകുന്നേരം 3മണിക്ക് സി എം എസ് കോളേജ് ഗ്രേറ്റ് ഹാളിൽ വച്ച് 'കലാലയരാഷ്ട്രീയം' എന്ന നാലാം പഠനസെ



ബിഷപ്പ് പൗലോസ് മാർപൗലോസ്, ഡോ.എം. സി. ചാക്കോ.

മാർച്ച് 23 വൈകുന്നേരം 5 മണിക്ക് ഡങ്കൽ നിർദ്ദേശങ്ങളും പ്രത്യാഘാതങ്ങളും' എന്ന വിഷയത്തെപ്പറ്റി മൂന്നാം പഠനസമ്മേളനം നടന്നു. ഇന്ത്യ ഗ്രാമങ്ങളിൽ ജീവിക്കുന്നു എന്നും ഇന്ത്യയുടെ ആത്മാവ് ഇവിടുത്തെ കൃഷിയിടങ്ങളിലാണെന്നും തിരിച്ചറിയാനുള്ള ഉൾക്കാഴ്ചയും, സ്വന്തം സ്വത്വം പണയപ്പെടുത്തിക്കൊണ്ടുള്ള എത്ര ചെറിയ സന്ധി ചെയ്യലും അന്തിമമായി നാടിനെ അടിമത്തത്തിലെത്തിക്കുമെന്ന് കണ്ടെത്താനുള്ള മൂന്നം കണ്ണു

മിനാർ പ്രൊഫ ഒ പി തോമസിന്റെ അദ്ധ്യക്ഷതയിൽ നടക്കുകയുണ്ടായി. അഡ്വ. കുമരകം ശങ്കുണ്ണിമേനോൻ പ്രൊഫ ടി കെ രാമകൃഷ്ണൻനായർ തുടങ്ങിയവർ സംസാരിച്ചു. അക്രമമാർഗ്ഗത്തിന്റെനിരാസത്തോടൊപ്പം സാർത്ഥകമായ വിദ്യാർത്ഥിപ്രവർത്തനവും വിദ്യാർത്ഥി-അദ്ധ്യാപക കൂട്ടായ്മയും കാമ്പസുകളിലുണ്ടാകേണ്ടതിന്റെ ആവശ്യകത പരാമർശിക്കപ്പെട്ടു. കലാലയ രാഷ്ട്രീയത്തിനെതിരെ ആയുധമെടുക്കുന്നവർ അരാഷ്ട്രീയവാദത്ത



പി. ജെ. ജോസഫ്, ടി. വി. അബ്രഹാം (ജില്ലാകൗൺസിൽ പ്രസിഡൻറ്) കെ രാജൻ (കോൺഫെഡറേഷൻ ഓഫ് സെൻട്രൽ ഗവ; എംപ്ലോയീസ്) പ്രൊഫ. ജോർജ് സെബാസ്റ്റ്യൻ

ൻെറ അപകടമുയർത്തുന്നത് ഒരു സമകാലീന സത്യമാണ്. അവർ വിദ്യാർത്ഥികളെ സ്നേഹിക്കുകയല്ല ഭയപ്പെടുകയാണെന്ന് തിരിച്ചറിയേണ്ടതുണ്ട്. വ്യാജൻമാർ അക്കാഡമിക് രംഗം ഭരിക്കുകയും വിദ്യാർത്ഥി മുന്നേററങ്ങളെ തടയാൻ കലാലയങ്ങൾതന്നെ പിഴുതുമാററുകയും ചെയ്യുന്ന വർത്തമാനകാല സാഹചര്യം ധീരവും അർത്ഥവത്തുമായ വിദ്യാർത്ഥിപ്രവർത്തനവും സ്വതന്ത്രമായ ചിന്തയും ആവശ്യപ്പെടുന്നുണ്ടെന്നു ചർച്ചയിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടു.

വെള്ളിയാഴ്ച 5 മണിക്ക് അഞ്ചാമത്തേതും അവസാനത്തേതുമായ പഠനസെമിനാർ നടന്നു. പ്രൊഫ ജി മാധവൻനായർ മോഡറേററർ ആയിരുന്ന സെമിനാറിൻെറ വിഷയം 'മതേതരത്വം നേരിടുന്ന വെല്ലുവിളികൾ' എന്നതായിരുന്നു. ഡോ എൻ വി പി ഉണിത്തിരി, റവ ഡോ. ജേക്കബ് കുര്യൻ എന്നിവർ വിഷയം അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചു. മതനിരപേക്ഷതയുടെ ഇത്തിരി പച്ചപ്പും ചുട്ടെരിക്കുന്ന, മത സൗഹാർദ്ദത്തിൻെറ ഇത്തിരി നനവും കുടിച്ചുവററിക്കുന്ന വർഗ്ഗീയവാദം വടക്കും തെക്കും കിഴക്കും പടിഞ്ഞാറും അഴിഞ്ഞാടുമ്പോൾ മതേതരത്വസംരക്ഷണത്തിനുള്ള ഏതു ചെറിയ നീക്കവും സ്വാഗതം ചെയ്യപ്പെടേണ്ടതാണ്. മതനിരപേക്ഷത എന്ന സങ്കല്പത്തിൻെറ ആവശ്യകതയും മതേതരത്വം നേരിടുന്ന പ്രശ്നങ്ങളും ചരിത്രപരമായ കാഴ്ചപ്പാടിലൂടെ വിലയിരുത്തപ്പെട്ടു. മതേതരത്വത്തിനെതിരെയുള്ള ഏതു നീക്കവും രാജ്യത്തിൻെറ നിലനില്പിനെതിരെയുള്ള ഭീഷണിയാണെന്ന് ചർച്ചയിൽ പങ്കെടുത്തവർ അഭിപ്രായപ്പെടുകയുണ്ടായി.

## സംസ്ഥാന സമ്മേളനം ആരംഭിക്കുന്നു

ഒരാഴ്ചയോളം കോട്ടയത്തെ വിവിധ വേദികളിൽ നടന്ന പഠനസമ്മേളനങ്ങളുടെയും സംവാദങ്ങളുടെയും ഒടുവിൽ മാർച്ച് 27 ശനിയാഴ്ച എ കെ പി സി ടി എ യുടെ 35 ാം സംസ്ഥാന സമ്മേളനം കോട്ടയം മാമ്മൻ മാപ്പിള ഹാളിൽ (തോമസ് ജോർജ് നഗർ) ഔദ്യോഗികമായി ആരംഭിച്ചു. രക്തസാക്ഷിമണ്ഡപത്തിലെ പുഷ്പാർച്ചനയ്ക്കുശേഷം സംഘടനയുടെ സംസ്ഥാന പ്രസിഡണ്ട് പ്രൊഫ. ജോർജ് സെബാസ്റ്റ്യൻ പതാകയുയർത്തിയതോടെ സംസ്ഥാനസമ്മേളനത്തിന് ആരംഭമായി. അദ്ധ്യാപകസമൂഹം ഇന്നൊരു ഭീഷണമായ കാലഘട്ടത്തിലൂടെ കടന്നുപോകുകയാണെന്നും വെല്ലുവുളികളെ നേരിടാൻ നാം ഒരുങ്ങിയിരിക്കണമെന്നും പതാകയ്ക്ക് അഭിവാദ്യമർപ്പിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു.

സ്വാഗതസംഘ, വൈസ് ചെയർമാൻ പ്രൊഫ. ജോയിജോബ് കുളവേലിയുടെ സ്വാഗത പ്രസംഗത്തോടെ പതിനൊന്നുമണിക്ക് ഉദ്ഘാടനസമ്മേളനം ആരംഭിച്ചു. യൂട്ടി

ഫൈഡ് ആക്ടിന്റെ മറവിൽ അക്കാഡമിക് സ്വാതന്ത്ര്യത്തിനെതിരെ ഫാസിസത്തിന്റെ കൈകളുയരുന്നതും സർവ്വകലാശാലയുടെ എല്ലാ പ്രവർത്തനങ്ങളിലും നേരിട്ടിടപെടാൻ തയ്യാറായ ശ്രീലങ്കയിലെ വിദ്യാഭ്യാസ പരീക്ഷണവും സ്വാഗതപ്രസംഗകൻ അനുസ്മരിച്ചു

## ഉദ്ഘാടനം : എൻ. റാം

എ. കെ. പി. സി. ടി. എ. എന്ന സമര സംഘടനയുടെ ചരിത്രം അനുസ്മരിച്ചുകൊണ്ടായിരുന്നു മുഖ്യ പ്രഭാഷകനായ ശ്രീ. എൻ. റാമിന്റെ തുടക്കം. മഹാരാഷ്ട്രയും തമിഴ്നാടുമടങ്ങുന്ന ഇതരസംസ്ഥാനങ്ങളിൽ വിദ്യാഭ്യാസത്തിന്റെ ജനകീയത ആക്രമിക്കപ്പെടുന്നതും സെൽഫ് ഫൈനാൻസിംഗ് കോളജുകൾ എന്നപേരിൽ ആരംഭിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ അദ്ധ്യാപക-വിദ്യാർത്ഥി വിരുദ്ധ നിലപാടുകളം ഫാസിസ്ററ് സമീപനവും വാക്ചിത്രങ്ങളിൽ വരച്ചിട്ട ശ്രീ. റാം കേരളത്തിൽ, നടപ്പാക്കാനുദ്ദേശിക്കുന്ന നിർദ്ദിഷ്ട യൂണിഫൈഡ് ആക്ടിനെഈപശ്ചാത്തലത്തിൽ വേണം വിലയിരുത്തേണ്ടതെന്ന് പറഞ്ഞു. എ. കെ. പി. സി. ടി. എ. എന്ന ശക്തമായ സമര സംഘടന ഈ കരിനിയമത്തെ എതിർത്തു തോൽപ്പിക്കാൻ പ്രാപ്തമാണെന്ന് അദ്ദേഹം കരുതുന്നു.

ആനുകൂല്യങ്ങളെന്നൊന്നായി പിൻവലിച്ചുകൊണ്ട് വിദ്യാഭ്യാസത്തെ കമ്പോളവൽക്കരിക്കുന്ന പുത്തൻ സാമ്പത്തിക നയങ്ങളെയും ജനവിരുദ്ധമായ പുതിയ കേന്ദ്രബഡ്ജററിനെയും അദ്ദേഹം നിശിതമായി വിമർശിച്ചു. രാജ്യത്തിന്റെ നിലനില്പിന് മതേതരത്വത്തിന്റെ നിലനിൽപ്പ് അത്യാവശ്യമാണെന്ന് പറഞ്ഞ അദ്ദേഹം മതനിരപേക്ഷതയുടെ ചരിത്ര പശ്ചാത്തലം വിവരിക്കുകയും വിഘടനവാദികൾക്കും മതമൗലികവാദികൾക്കുമെതിരെ മുന്നറിയിപ്പ് നൽകുകയും ചെയ്തു. വിദ്യാഭ്യാസസ്ഥാപനങ്ങളിൽ മതപഠനം പാടില്ലെന്നും തിരഞ്ഞെടുപ്പുകളിൽ മതം പ്രചാരണായുധമാക്കരുതെന്നും നിയമം അനുശാസിക്കുമ്പോഴും ഇതൊന്നും പാലിക്കപ്പെടാറില്ലെന്നതാണ് സത്യം. വർഗ്ഗീയതയുടെ വേരുകൾ ചരിത്രത്തിൽ അന്വേഷിച്ച അദ്ദേഹം ഇതിനെ ചെറുത്തുതോൽപ്പിക്കാനായി വിദൂരഭാവിയിൽപ്പോലും അധ്യാപകരെയാണ്താൻ പ്രതീക്ഷയോടെ നോക്കുന്നത് എന്നു പറയുകയുണ്ടായി.

പ്രൊഫ. ടി. ജോർജ് സെബാസ്ററ്യൻ അദ്ധ്യക്ഷ പ്രസംഗംനടത്തി. ജില്ലാ കൗൺസിൽ പ്രസിഡണ്ട് ശ്രീ. ടി. വി. അബ്രഹാം, മുൻസിപ്പൽ ചെയർമാൻ ശ്രീ. പി. സി. ചെറിയാൻ മടുക്കാനി എന്നിവരും മററ് സർവ്വീസ് സംഘടനകളെ പ്രതിനിധീകരിച്ച് ശ്രീ. കെ. രവീന്ദ്രൻ (FSETO), ശ്രീ. കെ രാമൻ (കോൺഫെഡറേഷൻ ഒഫ് സെൻട്രൽ ഗവ. എംപ്ളോയിസ്), ഡോ എൻ. എം. മുഹമ്മദാലി (KGOA), പ്രൊഫ. കെ. എൻ. രമണൻ (AKGCT) എന്നിവരും സമ്മേളനത്തിന് ആശംസകളർപ്പിച്ചു. പ്രൊഫ. പി. ഹരിദാസിന്റെ കൃതജ്ഞതാ പ്രകടനത്തോടെ ഉദ്ഘാടന സമ്മേളനംഅവസാനിപ്പിച്ചു.

## പ്രതിനിധിസമ്മേളനം: റിപ്പോർട്ട് വരവുചെലവ് കണക്ക്

ഉച്ചക്കുശേഷം ആരംഭിച്ച പ്രതിനിധി സമ്മേളനത്തിൽ യൂണീഫൈഡ് ആക്ടിനെക്കുറിച്ചും നിർദ്ദിഷ്ട ആക്ടിലെ നിർദ്ദേശങ്ങളുയർത്താനിടയുള്ള ഭീഷണിയെക്കുറിച്ചും പ്രൊഫ. ടി. ജോർജ് സെബാസ്ററ്യൻആമുഖമായി സംസാരിച്ചു. സംഘടനയുടെ കഴിഞ്ഞ വർഷം അന്തരിച്ച പ്രവർത്തകർക്കും. കേരളത്തിന്റെ സാമൂഹ്യ രാഷ്ട്രീയരംഗങ്ങളിലെ മൺമറഞ്ഞ ബഹുമാന്യ വ്യക്തികൾക്കും പ്രണാമമർപ്പിക്കുന്ന അനുശോചനപ്രമേയം പ്രൊഫ. പി. ജെ. ഫിലിപ്പ് അവതരിപ്പിച്ചു. പ്രൊഫ ടി എൻ രാമൻപിള്ള സംഘടനയുടെ കഴിഞ്ഞ വർഷത്തെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കുകയും സമ്മേളനത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു. വരവുചെലവുകണക്കുകൾ ട്രഷറർ അവതരിപ്പിച്ചു, തുടർന്ന് ആർ ആർ സി എൻഡോവ്മെൻറ് ലക്ചർ ആരംഭിച്ചു-

## ആർ.ആർ.സി.എൻഡോവ്മെൻറ് ലക്ചർ:

പ്രൊഫ പി ജി ചന്ദ്രശേഖരൻ നായരുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രൊഫ ടി എൻ രാമൻപിള്ള സ്വാഗതംആശംസിച്ചു മികച്ച സംഘാടകനും തിളങ്ങുന്ന വ്യക്തിത്വത്തിനുടമയും തികഞ്ഞ തന്ത്രശാലിയുമായിരുന്ന ആർ. ആർ സി യെ അനുസ്മരിച്ചുകൊണ്ടായിരുന്നു പ്രൊഫ വി അരവിന്ദാക്ഷൻനടത്തിയ എൻഡോ



ആശംസ: കെ. രവീന്ദ്രൻ (FSETO) ഡോ. എൻ. എം. മുഹമ്മദാലി (KGOA) പ്രൊഫ.കെ. എൻ. രമണൻ (AKGCT)

വ്മെൻറ് ലക്ചറിൻെറ തുടക്കം. അദ്ധ്യാപകസംഘടനയെ പിളർത്താൻ ശ്രമിക്കുകയും പ്രതിഫലമായി സ്ഥാനമാനങ്ങൾ നേടുകയും ചെയ്തവരുടെ കൂട്ടത്തിൽനിന്നും ആർ ആർ സി എങ്ങനെ വ്യത്യസ്ഥനായിരുന്നു എന്ന് അദ്ദേഹം വിവരിച്ചു. പ്രൈവററ് കോളേജ് അദ്ധ്യാപകർ ഇന്നനുഭവിക്കുന്ന പല ആനുകൂല്യങ്ങളും ആർ ആർ സിയുടെ ശ്രമഫലമായി നേടിയതാണെന്ന് അനുസ്മരിച്ച അദ്ദേഹം പുതിയ വെല്ലുവിളികൾ നേരിടാൻ ഒരുങ്ങിയിരിക്കേണ്ടതിൻെറ ആവശ്യകത അധ്യാപകരെ ഓർമ്മിപ്പിച്ചു. ആർ ആർ സി ഫണ്ട് പ്രൊഫ വി നാരായണൻകുട്ടി ആർ ആർ സി യുടെ മകളെ ഏൽപ്പിക്കുകയും പ്രൊഫ പി വി ചന്ദ്രമോഹൻ കൃതജ്ഞതാപ്രസംഗം നടത്തുകയും ചെയ്തു.

## ശക്തിതെളിയിച്ച പ്രകടനം

വൈകുന്നേരം മാമ്മൻമാപ്പിള ഹാളിൽനിന്നാരംഭിച്ച പ്രകടനത്തിൽ ആയിരക്കണക്കിന് അധ്യാപകർ പങ്കെടുത്തു. പ്രൊഫ. ജോർജ് സെബാസ്ററ്യൻ, പ്രൊഫ ടി എൻ രാമൻപിള്ള തുടങ്ങിയവരുടെ നേതൃത്വത്തിൽ നടന്ന പ്രകടനം കളക്ടറേററ് ജംഗ്ഷൻ സെൻട്രൽ ജംഗ്ഷൻ തിരുനക്കര മൈതാനം ചുററി മാമ്മൻമാപ്പിള ഹാളിൽ എത്തി.

വിവിധ പോയിൻറുകളിൽവച്ച് നഴ്സസ് അസോസിയേഷൻ, എൻ ജി ഒ യൂണിയൻ യൂണിവേഴ്സിററി എംപ്ളോയീസ് അസോസിയേഷൻ, ഹോസ്പിററൽ വർക്കേഴ്സ്, BEFI, DYFI, KSTA.Co-operative Staff, P&T, LIC എന്നീ സംഘടനകൾ പ്രകടനത്തിന് അഭിവാദ്യമർപ്പിക്കുകയുണ്ടായി.

## പൊതുസമ്മേളനം: ഉദ്ഘാടനം ഇ. കെ. നായനാർ

അധ്യാപകശക്തി വിളിച്ചറിയിച്ചുകൊണ്ടും പുരോഗമനപ്രസ്ഥാനങ്ങളുടെ പരസ്പരവിശ്വാസവും കൂട്ടായ്മയും ഒരിക്കൽകൂടി തെളിയിച്ചുകൊണ്ടും നടന്ന പ്രകടനത്തിനുശേഷം ആറുമണിയോടെ മാമ്മൻമാപ്പിള ഹാളിൽ പൊതുസമ്മേളനം നടന്നു. അധ്യപകരും പൊതുജനങ്ങളും മററ് സംഘടനാ പ്രവർത്തകരും തിങ്ങിനിറഞ്ഞ സദസ്സിനും വിശിഷ്ടാതിഥികൾക്കും സ. ടി കെ രാമകൃഷ്ണൻ സ്വാഗതം നേർന്നു. സ്വകാര്യവൽക്കരണത്തിൻെറ പേരിൽ വിദ്യാഭ്യാസവും കൃഷിയും വ്യവസായവും സ്വകാര്യമുതലാളിമാർക്ക് പണയം വെ

യ്ക്കുന്നതിനെ സ്വാഗതപ്രസംഗകൻ ശക്തിയായി എതിർത്തു. പ്രൊഫ ടി ജോർജ്സെബാസ്ററ്യൻ യോഗത്തിൽ അദ്ധ്യക്ഷനായിരുന്നു.

മുണ്ടശ്ശേരി മാസ്ററുടെ വിദ്യാഭ്യാസ ബില്ലിനെ അനുസ്മരിച്ചു കൊണ്ടായിരുന്നു സ. ഇ. കെ. നായനാർ തന്റെ പ്രസംഗം ആരംഭിച്ചത്. 50 വർഷംകൊണ്ട് അധ്യാപകർക്കുണ്ടായ മാററം അദ്ദേഹം വിലയിരുത്തി. മാനേജർമാർ അധ്യാപകരെ അടക്കിവാഴുന്ന അവസ്ഥ പാടെ മാറിയിരിക്കുന്നു. അധ്യാപകർ സാമൂഹ്യസംഭവങ്ങളോട് പ്രതികരിക്കാതിരുന്ന പഴയകാലവും പോയി. മുണ്ടശ്ശേരി മാസ്ററർ ഇരുന്ന കസേരയിൽ ഇന്ന് ഇരിക്കുന്നവരെപ്പററി പരാമർശിക്കുമ്പോഴും സ. നായനാരുടെ വാക്കുകൾക്ക് പരിഹാസത്തിന്റെ മൂർച്ചയുണ്ടായിരുന്നു. കേരളത്തിലെ ഇന്നത്തെ സാമ്പത്തിക പ്രശ്നങ്ങളും ഭരിക്കുന്നവരുടെ ധൂർത്തും പരസ്പരം ബന്ധപ്പെട്ടാണിരിക്കുന്നത്. സാമൂഹ്യനീതിക്കുവേണ്ടിയുള്ള പ്രത്യയശാസ്ത്രങ്ങളുടെ അന്തിമവിജയം ഉറപ്പുനൽകിയ ശ്രീ നായനാർ രാഷ്ട്രം നേരിടുന്ന വെല്ലുവിളികളെ അഭിമുഖീകരിക്കാൻ അധ്യാപകർ തയ്യാറാവണമെന്ന് ആവശ്യപ്പെട്ടു.

സർവ്വകലാശാലകളിലും കലാലയങ്ങളിലും വളർന്നുവരുന്ന പുതിയതരം ആത്മീയതയ്ക്കെതിരെ മുന്നറിയിപ്പുനൽകിക്കൊണ്ടാണ് ബിഷപ്പ് ഡോ പൗലോസ് മാർ പൗലോസ് പ്രസംഗം ആരംഭിച്ചത്. വിദേശതാല്പര്യങ്ങളനുസരിച്ച് പ്രവർത്തിക്കുന്ന യാഥാസ്ഥിതികർ രാഷ്ട്രത്തിനാപത്താണ്. മതത്തിന്റെയും രാജ്യത്തിന്റെയും തലപ്പത്തിരിക്കുന്നവർ സെക്യൂലറിസത്തിനെതിരാണെന്ന ദുഃഖസത്യം അദ്ദേഹം അനുസ്മരിച്ചു.

യുദ്ധകലുഷിതമായ ലോകവും പരിസ്ഥിതിപ്രശ്നങ്ങളും ഗ്രീൻ ഹൗസ് ഇഫക്ടും പരാമർശിച്ച ശ്രീ പി. ജെ ജോസഫ് IMF ന്റെയും ലോകബാങ്കിന്റെയും പുതിയ നീക്കങ്ങളിൽ ആശങ്ക രേഖപ്പെടുത്തി. ഇന്ത്യയുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ അധ്യാപകർ മുന്നിട്ടിറങ്ങണമെന്ന് ശ്രീ ജോസഫ് ആവശ്യപ്പെട്ടു. സമകാലീന ഇന്ത്യൻസാഹചര്യത്തിൽ വർഗ്ഗീയതക്കെതിരെ പ്രവർത്തിക്കുകയാണ് അധ്യാപകന്റെ പ്രഥമ കർത്തവ്യമെന്ന് ആശംസാപ്രസംഗകനായ സ: എം. എം. ലോറൻസ് പറഞ്ഞു.

കോളേജധ്യാപകരുടെ എല്ലാം പ്രക്ഷോഭപരിപാടികളിലും നമുക്ക് സഹായമായിരുന്നിട്ടുള്ള നേതാക്കൾ ഈ യോഗത്തിൽ പങ്കെടുത്തത് അഭിമാനത്തോടെ സ്മരിക്കുകയായിരുന്നു അധ്യക്ഷനായ പ്രൊഫ ജോർജ്സെബാസ്ററ്യൻ. പ്രൊഫ. സി ജെ ശിവശങ്കരൻ കൃതജ്ഞതപറഞ്ഞു.

മാർച്ച് 28ഞായറാഴ്ച രാവിലെ പ്രതിനിധിസമ്മേളനംതുടർന്നു. പൊതുചർച്ചയിൽകേരളത്തിലെ മൂന്ന് യൂണിവേഴ്സിററിമേഖലകളിലെയും പ്രതിനിധികൾ പങ്കെടുത്തു. കാലോചിതമായി ഘടനാപരമായ മാററം സംഘടനയ്ക്ക് ആവശ്യമാണെന്ന് കേരളായൂണിവേഴ്സിററിയിലെ ശ്രീ ജയദേവൻ അഭിപ്രായപ്പെട്ടു. സംഘടനാപ്രവർത്തനം കൂടുതൽ ശക്തമാക്കേണ്ടതിന്റെ ആവശ്യകത മഹാത്മാഗാന്ധി യൂണിവേഴ്സിററിയിൽ നിന്നുള്ള ശ്രീ. കെ മാത്യു എടുത്തുപറയുകയുണ്ടായി. ചർച്ച കൂടുതൽ ഗൗരവമായി എടുക്കേണ്ടതുണ്ടെന്ന് കോഴിക്കോട് സർവ്വകലാശാലയിൽ നിന്നുള്ള പ്രൊഫ. എൻ. ഗോപാലകൃഷ്ണൻ അഭിപ്രായപ്പെട്ടു പ്രൊഫ. ആർ രവീന്ദ്രൻനായരും സംസാരിച്ചു.

## ക്ഷേമനിധി

ക്ഷേമനിധി വിതരണ സമ്മേളനത്തിൽ പ്രൊഫസർ എസ് വിശ്വനാഥൻ അദ്ധ്യക്ഷത വഹിച്ചു. സർവ്വീസിലിരിക്കെ അന്തരിച്ച പ്രൊഫ. കെ എം നാരായണൻ പ്രൊഫ പി കെ കൃഷ്ണപിള്ള എന്നിവരുടെ പേരിലുള്ള ക്ഷേമനിധി പ്രൊഫ എം സി ചാക്കോ വിതരണം ചെയ്തു. പ്രൊഫ മാമ്മൻവർക്കി സ്വാഗതവും പ്രൊഫ ഇ പി മാത്യു നന്ദിയും രേഖപ്പെടുത്തി

## യാത്ര അയപ്പ്

12 മണിക്ക് യാത്രയയപ്പു സമ്മേളനം ആരംഭിച്ചു. പോരാട്ടത്തിന്റെ നാളുകളിൽ സംഘത്തോടൊപ്പം അടിയുറച്ചു നിൽക്കുകയും സംഘത്തിന്റെ ശക്തിയും ഓജസ്സുമായി ദീർഘകാലം പ്രവർത്തിക്കുകയും ചെയ്തവരാണ് പിരിഞ്ഞുപോകുന്നതു എന്ന സത്യം യാത്രയയപ്പുസമ്മേളനത്തിന് വൈകാരികമായ ഒരു അധികസാന്ദ്രത നൽകുന്നതുപോലെ തോന്നി. പ്രൊഫ കെ. ദാമോദരന്റെ സ്വാഗതപ്രസംഗത്തിലും അത് പ്രകടമായിരുന്നു. ഈ വർഷം സർവ്വീസിൽ

നിന്ന് പിരിയുന്ന സംഘത്തിൻെറ പ്രവർത്തകരായ പ്രൊഫ എസ് ഗോപിനാഥൻ പ്രൊഫ വി ആർ മഹാദേവൻ, പ്രൊഫ വി വിഘ്നേശ്വരൻ, പ്രൊഫ പത്മകുമാരി പ്രൊഫ ബി. സരസ്വതി അമ്മ, പ്രൊഫ തോമസ്ജോൺ, പ്രൊഫ ബാബു സക്കറിയാ, പ്രൊഫ എസ് കൃഷ്ണൻ പ്രൊഫ നാരായണ അയ്യർ, പ്രൊ. എ എൻ ചെട്ടിയാർ എന്നിവർക്ക് അദ്ദേഹം സ്വാഗതം നേർന്നു. വർത്തമാനകാല ഇന്ത്യൻ സാഹചര്യത്തിൽ ഒരു പൗരനും വിശ്രമിക്കാനവസരമില്ലെന്നും അതിനാൽ റിട്ടയർ ചെയ്യുന്നവർക്ക് വിശ്രമജീവിതമല്ല പ്രവർത്തനത്തിൻെറ നാളുകളാണ് ആശംസിക്കാനുള്ളതെന്നും അധ്യക്ഷൻ പ്രൊഫ ജി മാധവൻനായർ പറഞ്ഞു. പ്രൊഫ പി നരേന്ദ്രൻ, പ്രൊഫ എൻ എം ജോസഫ് പ്രൊഫ ടി എൻ രാമൻപിള്ള തുടങ്ങിയവർ പിരിഞ്ഞുപോകുന്നവരുടെ സഹകരണങ്ങൾ അനുസ്മരിക്കുകയും ഭാവിയിൽ അവരുടെ സാന്നിദ്ധ്യം അഭ്യർത്ഥിക്കുകയും ചെയ്തു.തുടർന്ന് പിരിഞ്ഞുപോകുന്നഅധ്യാപകർ നന്ദിപറഞ്ഞു. പ്രൊഫ കെ സദാശിവൻ നായർ സദസ്സിന് കൃതജ്ഞത രേഖപ്പെടുത്തി.

സംസ്ഥാന ഭാരവാഹികളുടെയും ജില്ലാ കൗൺസിൽ ഭാരവാഹികളുടെയും തിരഞ്ഞെടുപ്പ് ഫലപ്രഖ്യാപനത്തിനുശേഷം പൊതുചർച്ച പുനരാരംഭിക്കുകയുണ്ടായി. അക്കാഡമിക്സെല്ലിൻെറ പ്രവർത്തനത്തെ വിമർശനബുദ്ധിയോടെ വിലയിരുത്തുകയായിരുന്നു എം. ജി സർവ്വകലാശാലയിലെ ശ്രീ. ശിവശങ്കരൻ യു. ജി. സി. ആനുകൂല്യങ്ങൾ ലഭിക്കാതെ സ്റേററ്പേ വാങ്ങുന്ന അധ്യാപകർക്കും യു ജി. സി സ്കെയിൽ അനുവദിക്കണമെന്ന ആവശ്യത്തനുവേണ്ടി സംഘം പോരാടണമെന്ന് കോഴിക്കോട് സർവ്വകലാശാലയിലെ ശ്രീ. ബാലചന്ദ്രൻ ആവശ്യപ്പെട്ടു പേ ഈക്വലൈസേഷൻ സമിതി ഈ അദ്ധ്യാപകരെപ്പററി ഒന്നും പറഞ്ഞിട്ടില്ലെന്ന കാര്യവും അദ്ദേഹം എടുത്തു പറഞ്ഞു. കേരളായൂണിവേഴ്സിററിയിൽ നിന്നുള്ള ശ്രീ നാഗേന്ദ്രകുമാർ ആയുർവേദകോളേജിനെ പ്രതിനിധീകരിച്ച് ശ്രീ വിശ്വനാഥൻ എന്നിവരും ചർച്ചയിൽ പങ്കെടുത്തു ചർച്ചയിൽ അംഗങ്ങൾ ഉന്നയിച്ച പ്രശ്നങ്ങൾക്ക് ജനറൽ സെക്രട്ടറി പ്രൊഫ ടി എൻ രാമൻപിള്ള മറുപടിനൽകി.

തുടർന്ന് പ്രസിഡണ്ട് പ്രൊഫ ടി ജോർജ സെബാസ്ററ്യൻ അംഗങ്ങളെ അഭിസംബോധന ചെയ്തു. മുൻവർഷത്തെ എല്ലാ സഹകരണങ്ങൾക്കും അദ്ദേഹം നന്ദി പറഞ്ഞു.

പ്രമേയാവതരണത്തിനുശേഷം സ്വാഗതസംഘം ജനറൽകൺവീനർ പ്രൊഫ പി ജെ ഫിലിപ്പ് കൃതജ്ഞത പറഞ്ഞു. സമ്മേളനം വിജയിപ്പിക്കുവാൻ അക്ഷീണം യത്നിച്ച എല്ലാവരുടെയും സേവനങ്ങളെ അദ്ദേഹം പ്രകീർത്തിച്ചു.

പുതിയ ഭാരവാഹികൾ സ്ഥാനമേററതിനുശേഷം മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ട് അംഗങ്ങൾ ഹാളിന് പുറത്തേക്ക് നീങ്ങി. പ്രൊഫ. ടി ജോർജ് സെബാസ്ററ്യൻ പതാക താഴ്ത്തിയതോടെ സമ്മേളനത്തിന് സമാപനം കുറിച്ചു. ★

## വരിസംഖ്യ അടച്ചുതീർക്കുക

1992-93ലെ ജേർണൽ വരിസംഖ്യ അടച്ചുതീർക്കാനുള്ള ബ്രാഞ്ചുകൾ ഉടൻ തന്നെ വരിസംഖ്യ മാനേജിംഗ് എഡിററർക്ക് അയച്ചുകൊടുക്കുക.

വിദ്യാഭ്യാസ സംരക്ഷണ സമിതി—രേഖ

# കേരളത്തിലെ വിദ്യാഭ്യാസ പ്രശ്നങ്ങൾ

കേരളത്തിൽ ഇന്നു നിലനില്ക്കുന്ന വിദ്യാഭ്യാസപദ്ധതി സമൂഹത്തിന്റെ തനതു സൃഷ്ടിയല്ല. കൊളോണിയൽ ഭരണകാലത്ത് ബ്രിട്ടീഷ് സാമ്രാജ്യാധികാരികൾ ആരംഭിച്ച വിദ്യാഭ്യാസ പദ്ധതിയുടെ തുടർച്ചയാണ് ഇവിടെ നിലനിൽക്കുന്നത്. എങ്കിലും വിദ്യാഭ്യാസകാര്യത്തിൽ കേരളത്തിന് പല സവിശേഷതകളുമുണ്ട്.

കേരളത്തിലെ ജനങ്ങൾ മറേറതു സംസ്ഥാനത്തുള്ളവരേക്കാളും വിദ്യാഭ്യാസ കാര്യത്തിൽ തല്പരരാണ്. സമ്പൂർണ്ണസാക്ഷരത നേടിയ സംസ്ഥാനമാണ് കേരളം. 5-15 വയസുകാരിൽ മഹാഭൂരിപക്ഷവും വിദ്യാലയങ്ങളിൽ ചേർന്നു പഠിക്കുന്നു. വിദ്യാഭ്യാസത്തിലൂടെ മാത്രമേ തങ്ങളുടെ കുട്ടികൾക്ക് മേൽ ഗതിയുള്ളു എന്ന ബോധം രക്ഷിതാക്കൾക്കുണ്ട്. അറുപത്തിരണ്ടു ലക്ഷത്തിൽ പരം വിദ്യാർത്ഥികളും അവരുടെ മാതാപിതാക്കളും രണ്ടുലക്ഷത്തിൽ പരംവരുന്ന ആദ്ധ്യാപകരും മററു ജീവനക്കാരും അടങ്ങുന്ന ജനസഞ്ചയം വിദ്യാഭ്യാസ കാര്യത്തിൽ ശ്രദ്ധപതിപ്പിക്കുന്നു.

വിദ്യാലയങ്ങളുടെയും അധ്യാപകരുടേയും വിദ്യാർത്ഥികളുടെയും എണ്ണം വച്ചു നോക്കിയാൽ കേരളത്തിലെ വിദ്യാഭ്യാസ പുരോഗതി വമ്പിച്ചതാണ്. ചിലവൻനഗരങ്ങളിലൊഴികെ ഇന്ത്യയിലെവിടെയും ഈ തോതിലുള്ള വളർച്ചയില്ല. ഇതു സ്ക്കൂളുകൾക്കു മാത്രമല്ല ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ബാധകമാണ്. ആളോഹരി വിദ്യാഭ്യാസച്ചെലവിന്റെ കാര്യത്തിലും കേരളമാണ് മുൻപന്തിയിൽ.

എന്നാൽ കേരളത്തിലെ വിദ്യാഭ്യാസം ഇന്ന് ഗുരുതരമായ കുഴപ്പത്തിലാണ്. കേരളത്തിലെ വിദ്യാഭ്യാസ നിലവാരം മോശമാണെന്ന ധാരണ ജനങ്ങൾക്കിടയിൽ പരക്കെയുണ്ട്. അതിന് ചൂണ്ടിക്കാട്ടുന്ന കാരണങ്ങൾ വ്യത്യസ്തങ്ങളാണ്. അടിക്കടിനടക്കുന്ന സമരങ്ങൾ, സമയത്ത് നടക്കാത്ത പരീക്ഷകൾ, എപ്പോഴോ പുറത്തുവരുന്ന പരീക്ഷാഫലം, അതിലെ ഉയർന്ന പരാജയ ശതമാനം, കോഴകൊടുത്ത് വിദ്യാലയങ്ങളിൽ പ്രവേശനങ്ങളും നിയമനങ്ങളും വാങ്ങാമെന്നസ്ഥിതി, 35 ലക്ഷം കവിഞ്ഞു നില്ക്കുന്ന കേരളത്തിലെ രജിസ്ററർ ചെയ്ത തൊഴിലില്ലാത്തവരുടെ എണ്ണം മുതലായവ ഈ കുഴപ്പത്തിന്റെ സൂചികകളാണ്. പരസ്യമായ അഴിമതി, ക്യാമ്പസുകളിലെ പഠനാന്തരീക്ഷത്തിന്റെ അഭാവം, സിലബസ് ആവിഷ്കരണത്തിലും മൂല്യനിർണയത്തിലുമുള്ള അപാകതകൾ, ഭരണതലത്തിലെ വൈകല്യങ്ങൾ എന്നിവ ഈ പ്രശ്നവുമായി ബന്ധപ്പെട്ട് ചർച്ചചെയ്യപ്പെടുന്ന കാര്യങ്ങളാണ്.

മഹാഭൂരിപക്ഷം ജനങ്ങളും വിദ്യാഭ്യാസ കാര്യത്തിൽ തത്പരരാണെങ്കിലും ഇവരിൽ മിക്കവരും വ്യക്തിപരമായി തന്താങ്ങളുടെ കാര്യത്തിൽ മാത്രമേ ശ്രദ്ധിക്കുന്നുള്ളു. വ്യക്തി നിഷ്ഠ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്ന സർക്കാർനയമാണ് ഇതിനു കാരണം. തന്മൂലം വിദ്യാഭ്യാസത്തിന്റെ സമൂഹനിഷ്ഠ വശം അവഗണിക്കപ്പെടുന്നു. സമൂഹത്തിലെ പൗരന്മാരായി ജീവിക്കുന്നതിനുള്ള പരിശീലനമോ സമൂഹത്തിന്റെഉത്പാദന പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നതിനുള്ള കഴിവോ ഇതു മൂലം ലഭിക്കുന്നില്ല.

വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങളെ ഇത്ര സങ്കീർണമാക്കുന്നതിൽ ഭരണവർഗത്തിന്റെ താത്പര്യങ്ങളും ഉത്തരവാദിത്വവും വളരെ വലിയതാണ്. പിന്നോക്ക വിഭാഗങ്ങളിൽ നിന്നു വരുന്ന കുട്ടികളെ മററുള്ളവരോടൊപ്പം എത്തിക്കാൻ പ്രത്യേകം യത്നിക്കായ്കമൂലംനിലവാരത്തിന്റെ കാര്യത്തിൽ ഉച്ചനീചത്വമുണ്ടായി. ഇതു പരിഹരിക്കാത്തതുകൊണ്ടുകൂടിയാണ് അംഗീകൃത അൺ എയിഡഡ് വിദ്യാലയങ്ങളിലേക്ക് ഒരു വിഭാഗം ഇടത്തരക്കാരും അതിനുമേലുള്ളവരും ഒഴുകിയത്. അത് വിദ്യാഭ്യാസ രംഗത്തെ വരേണ്യവൽകരിക്കുന്നതിനുംസ്വകാര്യവൽക്കരിക്കുന്നതിനും ഇടയാക്കി.

വിദ്യാഭ്യാസ രംഗത്ത് പ്രതിലോമ ശക്തികൾക്ക് കടിഞ്ഞാണിടുന്നതിന് കേരളത്തിൽ അധികാരത്തിലിരുന്നിട്ടുള്ള കമ്മ്യൂണിസ്ററ്.

ഇടതുമുന്നണി മന്ത്രിസഭകൾ ശ്രമിച്ചിട്ടുണ്ട്. അപ്പോഴൊക്കെ അതിനെതിരെ നിക്ഷിപ്തതാല്പര്യക്കാർ ബഹളം കൂട്ടിയിട്ടുമുണ്ട്. എങ്കിലും വിദ്യാലയങ്ങൾ അനുവദിക്കുന്ന കാര്യത്തിലും ഭരണപരമായ നയരൂപീകരണത്തിലും ഇടതുമുന്നണി മന്ത്രിസഭകൾ എടുത്തിട്ടുള്ള പുരോഗമനപരമായ നടപടികൾ കൂടുതൽ പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാൻ സഹായിച്ചിട്ടുണ്ട്. എന്നാൽ സങ്കീർണമാക്കുന്ന നയങ്ങളാണ് ഐക്യജനാധിപത്യ മുന്നണി മന്ത്രിസഭ സ്വീകരിക്കുന്നത്. നിർബന്ധിതവും സാർവത്രികവുമായ പ്രാഥമിക വിദ്യാഭ്യാസം എന്ന ഭരണഘടനാതത്വം പോലും ഇവിടെ ലംഘിക്കപ്പെടുന്നു. കേന്ദ്രസർക്കാരിന്റെ സാമ്പത്തികനയങ്ങളുടെ ചുവടുപിടിച്ച് കേരളത്തിലും തുടങ്ങിയിട്ടുള്ള പരിഷ്കരണങ്ങൾ വിദ്യാഭ്യാസ മേഖലയെ പ്രതികൂലമായി ബാധിക്കുന്നു. വിദ്യാഭ്യാസത്തിനായി ഇനി കൂടുതൽ പണം ചെലവഴിക്കേണ്ടതില്ലായെന്നാണ് നിലപാട്. പടിപടിയായി വിദ്യാഭ്യാസത്തിന് ഖജനാവിൽ നിന്ന് ചെലവാകുന്ന തുക കുറക്കുകയും സ്വകാര്യമേഖലയെ വളരാൻ അനുവദിക്കുകയും ചെയ്യുന്നു.

പ്രതിലോമപരവും ജനാധിപത്യ വിരുദ്ധവുമായ ഈ നയം കേരളത്തിലെ വിദ്യാഭ്യാസരംഗത്തെ കൂടുതൽ സങ്കീർണമാക്കുന്നു. അത്തരം ചിലപ്രശ്നങ്ങളാണ് ഇവിടെ പരിശോധിക്കുന്നത്

## 1. സ്വകാര്യവൽക്കരണം

കാർഷിക വ്യാവസായിക മേഖലയാകെ ലോകബാങ്കിന്റെയും ഐ. എം. എഫിന്റെയും നിർദേശങ്ങൾക്കു വഴങ്ങി സ്വകാര്യവൽക്കരണ നടപടികൾ ആരംഭിച്ചിരിക്കുകയാണ് കേന്ദ്രസർക്കാർ. അതേനയം തന്നെ കേരളത്തിലും സ്വീകരിച്ചിരിക്കുന്നു. പൊതുമേഖലയെ ബോധപൂർവ്വം തകർക്കുകയും സ്വകാര്യമേഖലയെ പ്രോത്സാഹിപ്പിക്കുകയുമാണ് ചെയ്യുന്നത്. വിദ്യാഭ്യാസരംഗത്ത് വളരെ വിനാശകരമായ പ്രത്യാഘാതങ്ങളാണ് ഇതുണ്ടാക്കുക. സർക്കാർ വിദ്യാലയങ്ങൾ അടച്ചുപൂട്ടുന്നു. അതേ സമയം സ്വകാര്യ വിദ്യാലയങ്ങൾ അനുവദിക്കുകയും ചെയ്യുന്നു. അൺ എയിഡഡ് കോളേജുകളും സെൽഫ് ഫൈനാൻസിംഗ് കോളേജുകളും ആരംഭിക്കുന്നു. അങ്ങനെ സ്വകാര്യമേഖലയ്ക്ക് വിദ്യാഭ്യാസരംഗത്ത് നിർണായകസ്വാധീനം ലഭിക്കുന്നു. വിദ്യാഭ്യാസം ഒരു വ്യവസായമായി കണക്കാക്കി ലാഭംകൊയ്യാനുള്ള അവസരം സ്വകാര്യമേഖലക്ക് ഒരുക്കിക്കൊടുക്കുകയാണ് സർക്കാർ ചെയ്യുന്നത്. വിദ്യാഭ്യാസത്തിനുള്ള പദ്ധതി വിഹിതം കേന്ദ്രത്തിൽ രണ്ടുശതമാനവും കേരളത്തിൽ മൂന്നു ശതമാനവുമാണ്. അതിനിയും കുറയ്ക്കാനാണ് നീക്കം.

## 2. വരേണ്യവൽക്കരണം

വിദ്യാഭ്യാസത്തിനുള്ള സർക്കാർവിഹിതം കുറയ്ക്കുമ്പോൾ നിർദ്ധന വിഭാഗത്തിൽപ്പെട്ടവർക്ക് വിദ്യാഭ്യാസ സൗകര്യങ്ങൾ നിഷേധിക്കപ്പെടുന്നസ്ഥിതിയുണ്ടാവും. എല്ലാരംഗങ്ങളിലും സബ്സിഡി നിർത്തലാക്കിവരികയാണ്. അതിനാൽ വിദ്യാഭ്യാസത്തിനും ചെലവേറും. പാഠപുസ്തകങ്ങളുടെ വിലവർദ്ധനവും ഫീസ് വർദ്ധനവും നിർദ്ധന വിഭാഗങ്ങളെ ദോഷകരമായിബാധിക്കും. വിദ്യാഭ്യാസ ചെലവ് താങ്ങാനാവാതെ അവർ വിദ്യാഭ്യാസത്തിൽ നിന്നും അകന്നു പോകും. കോഴകൊടുക്കുന്നവർക്ക് പ്രവേശനം ലഭിക്കും. പണമുള്ളവർക്കു മാത്രമായിവിദ്യാഭ്യാസാവസരങ്ങൾ ചുരുങ്ങും. വിദ്യാഭ്യാസം വരേണ്യവൽക്കരിക്കപ്പെടും.

## 3. വർഗീയത

ജാതി-മത-സാമുദായികാടിസ്ഥാനത്തിലാണ് വിദ്യാലയങ്ങൾ സ്വകാര്യ മേഖലയിൽ അനുവദിക്കുന്നത്. അതാതു വിഭാഗങ്ങളുടെ ഹിതമനുസരിച്ചാണ് അവനടത്തിപ്പോരുന്നതും ഉദാത്തമായ മാനവികതയും ഐക്യവും വളരേണ്ടതിനുപകരം വർഗീയതയും വിഭാഗീയതയും വളരാനിടയാകുന്നു. താഴ്ന്ന ക്ലാസുകളിൽ മോറൽ എജ്യുക്കേഷന്റെ പേരിൽ പിഞ്ചുകുഞ്ഞുങ്ങളിൽ വർഗീയതയുടെ വിഷം കുത്തിവയ്ക്കുകയാണ്. അദ്ധ്യാപകനിയമനത്തിലും ജാതി-മത പരിഗണനകളുണ്ട്. മാനസികവികാസത്തിനുതകുന്ന അന്തരീക്ഷം ഇങ്ങനെ വിദ്യാലയങ്ങളിൽ നിന്നും അപ്രത്യക്ഷമാകുന്നു. പാഠ്യപദ്ധതിയിലും ഈ വിഭാഗീയതയുടെ സൂചനകൾ കാണാം. പാഠപുസ്തകങ്ങളിലെ ചില പാഠങ്ങൾ പഠിപ്പിക്കാത്തതിന്റെ പേരിലും സാമുദായിക പ്രചാരണങ്ങൾ ഉണ്ടാവാറുണ്ട്.

## 4. വിദ്യാഭ്യാസ കച്ചവടം

വിദ്യാലയങ്ങളിൽ പ്രവേശനത്തിന് കോഴ നൽകണം. അദ്ധ്യാപക നിയമനത്തിലും സാർ

വ്യാപകമായി കോഴ സമ്പ്രദായം നിലനിൽക്കുന്നു ഏറ്റവും കൂടുതൽ ആദായമുണ്ടാക്കാൻ പറ്റുന്ന ഒരു മേഖലയായി മാനേജർമാർ വിദ്യാലയങ്ങളെ കാണുന്നു. വമ്പിച്ച സാമ്പത്തിക അഴിമതി അങ്ങനെ ഈ മേഖലയിൽ നടമാടുന്നു- അൺ എയിഡഡ് സ്കൂളുകളിൽ നിയമിക്കപ്പെടുന്ന അദ്ധ്യാപകർക്ക് ന്യായമായ ശമ്പളം പലപ്പോഴും നൽകാറില്ല. വിദ്യാഭ്യാസ മേഖല ലാഭമുണ്ടാക്കാൻ പറ്റുന്ന ഒരു വ്യവസായമായി അധഃപതിച്ചിരിക്കുന്നു.

## 5. വിദ്യാലയങ്ങൾ അടച്ചുപൂട്ടൽ

വിദ്യാലയങ്ങൾ അടച്ചുപൂട്ടാനുള്ള ആദ്യ ശ്രമം 1985-86 കാലത്തായിരുന്നു. വ്യാപകമായ എതിർപ്പുണ്ടായതിനാൽ അന്നത് പ്രാവർത്തികമാക്കാൻ പറ്റിയില്ല എന്നാൽ കഴിഞ്ഞ അദ്ധ്യയന വർഷം ആദായകരമല്ലാ എന്ന കാരണം പറഞ്ഞ് 108 വിദ്യാലയങ്ങൾ അടച്ചു പൂട്ടി. അടച്ചുപൂട്ടപ്പെട്ട വിദ്യാലയങ്ങളിൽ പലതും ഗ്രാമപ്രദേശങ്ങളിലുള്ളതാണ്. തൊട്ടടുത്ത് ഒരു വിദ്യാലയമുള്ളതുകൊണ്ടു മാത്രം പഠിക്കാൻ തയ്യാറാകുന്ന വിദ്യാർത്ഥികൾ വിദ്യാലയങ്ങൾ നീക്കിയതോടു കൂടി പഠിത്തം ഉപേക്ഷിക്കാൻ നിർബന്ധിതരാവുന്നു. ഇങ്ങനെ വിദ്യാലയങ്ങൾ അടച്ചുപൂട്ടിയതു കാരണം നിരവധി അദ്ധ്യാപക തസ്തികകൾ അധികപറ്റാവും. കഴിഞ്ഞ വർഷത്തെ അതേമാനദണ്ഡം വച്ചുനോക്കിയാൽ ആയിരത്തിലേറെ വിദ്യാലയങ്ങൾ ഇക്കുറിയും അടച്ചുപൂട്ടേണ്ടതായി വരും. അതിനുള്ള ഔദ്യോഗിക പ്രഖ്യാപനം ഇനിയും വന്നിട്ടില്ല. അടച്ചുപൂട്ടിയില്ലെങ്കിലും യഥാസമയം അദ്ധ്യപകരെ നിയമിക്കാതെ വിദ്യാലയങ്ങളെ അനാഥമാക്കും.

അടച്ചുപൂട്ടിയ വിദ്യാലയങ്ങളുടെകൂട്ടത്തിൽ സ്വകാര്യ മേഖലയിലുള്ളതുമുണ്ട്. സ്ഥലവും കെട്ടിടവും കൂടുതൽ ആദായകരമായ മറ്റു കാര്യങ്ങൾക്കായി വിനിയോഗിക്കുന്നതിന് മാനേജർമാർക്ക് അവസരമുണ്ടാക്കാൻ വേണ്ടിയാണ് ഇങ്ങനെ ചെയ്യുന്നത്.

യാതൊരു തത്വദീക്ഷയുമില്ലാതെ സ്വകാര്യ വിദ്യാലയങ്ങൾ അനുവദിച്ചതാണ് സർക്കാർ വിദ്യാലയങ്ങൾ അടച്ചുപൂട്ടുന്നതിൽ കൊണ്ടെത്തിച്ചത്. അതേസമയം പുതിയ പാഠ്യ പദ്ധതി നടപ്പിലാക്കാനെന്ന പേരിൽ അൺ എയിഡഡ് സ്കൂളുകൾ അനുവദിക്കുകയും ചെയ്യുന്നു.

## 6. വിദ്യാഭ്യാസച്ചെലവ് വർദ്ധിക്കുന്നു

സാധാരണക്കാരന് താങ്ങാനാവാത്തവിധം ചെലവേറിയതായിരിക്കുന്നു വിദ്യാഭ്യാസം. പാഠപുസ്തകങ്ങളുടെ വില ക്രമാതീതമായി വർദ്ധിപ്പിച്ചിരിക്കുന്നു. ഇരുപത്തിയഞ്ചു മുതൽ നാല്പതു ശതമാനം വരെയാണ് വർദ്ധന. മുൻവർഷങ്ങളിൽ അച്ചടിച്ചുവച്ചിരുന്ന പുസ്തകങ്ങളുടെ വിലയും വർദ്ധിപ്പിച്ചിരിക്കുന്നു. നോട്ടുപുസ്തകങ്ങളുടെ വിലയും വർദ്ധിപ്പിച്ചു. വിദ്യാലയങ്ങളിൽ അവധിക്കാലത്ത് തൊഴിൽ പരിചയത്തിന്റെ ഭാഗമായി ചെയ്തു വന്നിരുന്ന നോട്ടുപുസ്തക നിർമാണം സർക്കാർ നിർത്തലാക്കി. കുറഞ്ഞ വിലയ്ക്ക് നോട്ടുപുസ്തകം വിതരണം ചെയ്യാൻ കഴിയുന്ന അവസരം അങ്ങനെ ഇല്ലാതാക്കി.

ബസ് കൺസഷൻ ചിലേടങ്ങളിൽ പൂർണമായി നിറുത്തലാക്കുന്നു. മറ്റുള്ളിടത്ത് നിലവിലുള്ള ആനുകൂല്യങ്ങൾ വെട്ടിക്കുറക്കുന്നു അതിനാൽ നിലവിലുള്ള നിരക്ക് ഇരട്ടിയോ അതിലധികമോ ആയിവർദ്ധിക്കും.

വിദ്യാലയങ്ങളിലേയും കലാലയങ്ങളിലേയും ഫീസ് അമിതമായി വർദ്ധിപ്പിച്ചിരിക്കുന്നു. സ്കൂളുകളിലെ സ്പെഷ്യൽഫീസും ഇരട്ടിയാക്കി. കോളേജുക്ലാസുകളിലെ സ്പെഷ്യൽഫീസും ട്യൂഷൻ ഫീസും പതിൻമടങ്ങ വർദ്ധിപ്പിച്ചിരിക്കുന്നു. അങ്ങനെ വിദ്യാഭ്യാസത്തിനു ചെലവേറുന്നതുകാരണം വിദ്യാഭ്യാസം പണമുള്ളവനുമാത്രമായി ചുരുങ്ങും.

## 7. ഉച്ചക്കഞ്ഞി വിതരണം തകരാറിലാവുന്നു

സർക്കാരിൽ നിന്നും ലഭിച്ചുകൊണ്ടിരുന്ന സഹായവും സന്നദ്ധസംഘടനകളുടെ പിന്തുണയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സഹകരണവും, ഉച്ചകഞ്ഞി വിതരണരംഗത്തെ പ്രത്യേകതകളായിരുന്നു. എന്നാൽ സർക്കാർ തന്നെ ഉച്ചകഞ്ഞിവിതരണത്തെ തകരാറിലാക്കുകയാണ്. കഴിഞ്ഞ വർഷത്തെ പണം ഇനിയും പൂർണമായി നൽകിയിട്ടില്ല. ഈ വർഷം ഉച്ചക്കഞ്ഞി വിതരണം ലോവർ പ്രൈമറി ക്ലാസ്സുകൾക്കു മാത്രമായി പരിമിതപ്പെടുത്താൻ ശ്രമിക്കുന്നു. ജില്ലാകൗൺസിലുകളി

ലൂടെ ഉച്ചക്കഞ്ഞി വിതരണം ചെയ്യാനുള്ള നീക്കത്തെയും അട്ടിമറിച്ചിരിക്കുകയാണ്.

## 8. ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത

സർക്കാർ വിദ്യാലയങ്ങളെ അനാകർഷകമാക്കാനുള്ള ബോധപൂർവമായ ശ്രമമാണ് സർക്കാർ നടത്തുന്നത്. യഥാസമയം അദ്ധ്യാപകരെ നിയമിക്കാറില്ല. ആവശ്യത്തിനു ബഞ്ചും ഡസ്ക്കും സ്റ്റേഷനറിസാധനങ്ങളുമുണ്ടാവില്ല. കെട്ടിടങ്ങൾ യഥാസമയം കെട്ടിമേയാറില്ല. അററകുററപ്പണിനടത്താറില്ല. കുടിവെള്ളമില്ല. മൂത്രപ്പുരകളില്ല തികച്ചും ശോചനീയമായ ഈ സ്ഥിതി ഉണ്ടാക്കിവെക്കുന്നത് സർക്കാരാണ്. സർക്കാർ വിദ്യാലയങ്ങളെ ബോധപൂർവം അനാകർഷകമാക്കുകയാണ്.

## 9. ഏകദിന പരിശോധന

മുൻകൂട്ടി നിശ്ചയിച്ച ഒരു തീയതി തന്നെ വിദ്യാലയങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധന നടത്തി വിദ്യാർത്ഥികളുടെ എണ്ണം തിട്ടപ്പെടുത്തുന്നതാണ് ഏകദിന പരിശോധന അധികമുള്ള അദ്ധ്യാപക തസ്തികകൾ കണ്ടുപിടിക്കുന്നതിനു ഇത് സഹായകരമാകും എന്നാണ് ഔദ്യോഗികഭാഷ്യം. 1986-ൽ ഈ സമ്പ്രദായം ആദ്യമായി കൊണ്ടുവന്നപ്പോൾ വ്യാപകമായ എതിർപ്പുണ്ടായതിനാൽ ഉപേക്ഷിക്കപ്പെട്ടു. എന്നാൽ ഈ വർഷം ഈ സമ്പ്രദായം വീണ്ടും ഏർപ്പെടുത്തുമെന്നാണ് സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നത്. മുൻകൂട്ടി നിശ്ചയിച്ച ദിവസമാണ് പരിശോധന നടക്കുന്നത് എന്നുള്ളതുകൊണ്ട് മാനേജർമാർക്ക് കൃത്രിമം കാണിച്ച് കൂടുതൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ച് പണമുണ്ടാക്കാൻ കഴിയും. വിദ്യാഭ്യാസ കച്ചവടക്കാരെ സഹായിക്കാനേ ഈ പരിപാടി സഹായിക്കുകയുള്ളു.

## 10. ടി ടി.സി. സീററുവർദ്ധന

ഈ വർഷം ടി ടി സി. ക്ക് യാതൊരു തത്വദീക്ഷയും ഇല്ലാതെ സർക്കാർ കൂടുതൽ സീററുകൾ അനുവദിച്ചു. സ്വകാര്യ വിദ്യാലയങ്ങളിൽ ഒററയടിക്ക് നാല്പതും അമ്പതും സീററുകളാണ് വർദ്ധിപ്പിച്ചത്. നാല്പതിനായിരവും അമ്പതിനായിരവും രൂപ കൊടുത്താലാണ് ഈ വിദ്യാലയങ്ങളിൽ പ്രവേശനം ലഭിക്കുന്നത്. വിദ്യാർത്ഥി പ്രവേശനത്തിലൂടെ ലക്ഷങ്ങൾ സമ്പാദിക്കാൻ മാനേജർമാർക്ക് അവസരമുണ്ടാക്കുന്നു. ക്രമാതീതമായി സീററു വർദ്ധിക്കുമ്പോൾ വിദ്യാർത്ഥികളുടെ വിലയിരുത്തൽ വിഷമത്തിലാവും. അദ്ധ്യാപനനിലവാരത്തെ പ്രതികൂലമായി ബാധിക്കും. ശരിയായ പരിശീലനം ലഭിക്കാതെ വിദ്യാർത്ഥികൾ പരീക്ഷ കഴിഞ്ഞ് പുറത്തുവരുന്ന സ്ഥിതിയുണ്ടാവും ടി. ടി. സി. പാസായവരുടെ എണ്ണം പെരുകുമ്പോൾ കോഴകൊടുത്ത് തൊഴിൽ സമ്പാദിക്കാനുള്ള മത്സരം വർദ്ധിക്കും അദ്ധ്യാപകനിയമനത്തിൽ കോഴയുടെ തോത് വർദ്ധിപ്പിക്കാൻ ഇത് മാനേജർമാർക്ക് സഹായകരമാവും. ഏററവുമൊടുവിൽ അൺഎയിഡ്ഡ് മേഖലയിലും ടിടി സിക്കും ബി എഡിനും പുതുതായി സ്ഥാപനങ്ങൾ അനുവദിക്കാൻ നീക്കമുണ്ട്.

## 11. പാഠപുസ്തകങ്ങളുടെ പരിഷ്ക്കരണം

ആധുനിക വിജ്ഞാനം പകർന്നുനൽകുന്നതിനും ശാസ്ത്രീയ വീക്ഷണവും സാമൂഹ്യബോധവും വളർത്തുന്നതിനും പര്യാപ്തമല്ല ഇന്നത്തെ പാഠ്യപദ്ധതി. അതു കാലോചിതമായി പരിഷ്ക്കരിക്കുന്നതിന് ക്രിയാത്മകമായ യാതൊരു ശ്രമവും സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നില്ല. പരിഷ്ക്കരണത്തിന്റെ പേരിൽ ചില ശ്രമങ്ങൾ നടത്താറുണ്ടെങ്കിലും അത് ഫലപ്രദമല്ല. പരിഷ്ക്കരണമെന്നാൽ വിദ്യാർത്ഥികളുടെ ഭാരം വർദ്ധിപ്പിക്കലാണ് എന്ന ധാരണയിൽ ചില ശ്രമങ്ങളിവിടെ നടക്കുന്നുണ്ട്. എന്നാൽ അവയൊന്നും വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് പര്യാപ്തമല്ല.

## 12. സ്ഥലംമാററ മാനദണ്ഡം ലംഘിക്കപ്പെടുന്നു

സംസ്ഥാന ജീവനക്കാരുടെ സ്ഥലം മാററത്തിന് വ്യക്തമായ മാനദണ്ഡങ്ങളുണ്ട്. അതു ലംഘിക്കുന്നതിനാണ് വിദ്യാഭ്യാസ മ

ന്നി ശ്രമിക്കുന്നത്. പാർശ്വവർത്തികൾക്കു ഇഷ്ടപ്പെട്ടസ്ഥലത്തേക്ക് സ്പെഷ്യൽ ഓർഡർ മുഖേന സ്ഥലം മാററം നൽകുകയാണ്. വമ്പിച്ച കോഴയാണ് ഇതിനു പിന്നിലുള്ളത് അർഹതപ്പെട്ടവന് സ്ഥലം മാററം നിഷേധിക്കുന്ന തരത്തിലാണ് സ്പെഷ്യൽ ഓർഡറുകൾ പുറപ്പെടുവിക്കുന്നത്. സ്ഥലംമാററ മാനദണ്ഡങ്ങളുടെ നഗ്നമായ ലംഘനമാണ് ഇപ്പോൾ നടക്കുന്നത്.

## 13. ഏകീകൃത സർവ്വകലാശാല നിയമം

ജനാധിപത്യരീതിയിൽ തയ്യാറാക്കിയിട്ടുള്ളതും കേരള നിയമസഭ പാസ്സാക്കിയിട്ടുള്ളതുമാണ് കേരള - കോഴിക്കോട് സർവ്വകലാശാലാ നിയമങ്ങൾ. ആ നിയമങ്ങളെ റദ്ദാക്കി കേരളത്തിൽ ഇന്നു പ്രവർത്തിച്ചുകൊണ്ടിരിക്കുന്നമൂന്നു സർവ്വകാലാശാലകൾക്കും ബാധകമാവുന്ന തരത്തിലുള്ള ഒരു എകീകൃത നിയമം കൊണ്ടുവരും എന്നാണ് സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നത്. സർവ്വകലശാല സമിതിയിലേക്ക് തെരഞ്ഞെടുപ്പു വേണ്ട. നോമിനേഷനിലൂടെ പാർശ്വവർത്തികളെ കയററനാണ് നീക്കം. ജനപ്രതിനിധികളുടെയും അദ്ധ്യാപകരുടെയും എണ്ണം പരിമിതപ്പെടുത്തും. ഉദ്യോഗസ്ഥന്മാർക്കും വണിക്കുകൾക്കും വ്യവസായികൾക്കും സർവ്വകലാശാലാ സമിതികളിൽ പ്രാതിനിധ്യം ലഭിക്കും ചുരുക്കത്തിൽ ഒരു സർക്കാർ വകുപ്പായിത്തീരും സർവ്വകലാശാല. സർവ്വകലാശാലാ സമിതികളിൽ ഇന്നു നിലനില്ക്കുന്ന ജനാധിപത്യ സ്വഭാവം തകർന്നു പോകുന്ന ഒരു സ്ഥിതി വരും.

## 14. യൂണിവേഴ്സിററി കോളേജിനെ മുറിച്ചുമാററൽ

തിരുവനന്തപുരത്തെ അതിപ്രശസ്ത കലാലയമായ യൂണിവേഴ്സ്ററികോളേജിലെ ബിരുദവിഭാഗം കാര്യവട്ടത്തുള്ള സർവ്വകലാശാലാ വളപ്പിലേക്ക് മാററുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. വ്യക്തമായ കാരണങ്ങളൊന്നും കൂടാതെയാണ് കോളേജിലെ ബിരുദവിഭാഗം, അങ്ങോട്ടുമാററുമെന്നു പറയുന്നത്. ഒരു കോടിരൂപ അതിൻെറ ചെലവിലേക്കായി ബഡ്ജററിൽ വകയിരുത്തിയിട്ടുണ്ട് ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്ന ഈ മാററം ജില്ലയുടെ വിവിധഭാഗങ്ങളിൽ നിന്നും വന്നു പഠിക്കുന്നവർക്ക് അങ്ങേയററം പ്രയാസമുണ്ടാക്കും. യാത്രാസൗകര്യം തീരെയില്ലാത്ത പ്രദേശത്തേക്കാണ് കോളേജ് മാററുന്നത്. നഗരത്തിൽ ഇന്നു പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ഹോസ്ററലുകളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് കാര്യവട്ടത്തു പോയിവരാൻ വളരെ പ്രയാസമായിരിക്കും. ഒരു കോളേജിനെ മുറിച്ചുമാററുന്നതിനുവേണ്ടി കോടിക്കണക്കിനു രൂപ ചെലവഴിക്കാൻ മടികാണിക്കാത്ത സർക്കാർ മററുകോളേജുകളുടെ വികസനത്തിന് ആവശ്യമായ പണം നൽകുന്നില്ല. ഇപ്പോൾ അനുവദിച്ചിരിക്കുന്ന ഒരു കോടി രൂപ മതിയാകും മററുകോളേജുകളിൽ ആവശ്യമുള്ളബഞ്ചും ഡസ്കും മററ് അത്യാവശ്യ ഉപകരണങ്ങളും വാങ്ങുന്നതിന്. വാസ്തവത്തിൽ മററു സർക്കാർ കോളേജുകളുടെ വികസനത്തിന് ഉപയോഗിക്കേണ്ട പണമാണ് യൂണിവേഴ്സിററി കോളേജിൻെറ വിഭജനത്തിനു വേണ്ടി പാഴാക്കി കളയുന്നത്.

## 15. സായാഹ്ന കോളേജ് നിറുത്തലാക്കൽ

തിരുവനന്തപുരം, എറണാകുളം, തൃശൂർ കോഴിക്കോട് എന്നിവിടങ്ങളിൽ ഇപ്പോൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന സായാഹ്നകോളേജുകൾ നിറുത്തലാക്കാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു. 1993-94 അദ്ധ്യയന വർഷത്തിൽ ഒന്നാം വർഷ ക്ലാസ്സുകളിലേക്ക് പ്രവേശനം നൽകേണ്ടതില്ലായെന്നാണ് നിർദ്ദേശം നൽകിയിരിക്കുന്നത്. കാൽനൂററാണ്ടിനു മുൻപാണ് ഈ കോളേജുകൾ ആരംഭിച്ചത്. ഉപജീവനത്തിനായി വിദ്യാഭ്യാസം ഉപേക്ഷിച്ച് ജോലിതേടിപ്പോയവർക്ക് വിദ്യാഭ്യാസം തുടരാനുള്ള അവസരമായിരുന്നു സായാഹ്ന കോളേജുകളിൽ ഉണ്ടായിരുന്നത്. ആ അവസരം ഇപ്പോൾ നിഷേധിക്കപ്പെട്ടിരിക്കുകയാണ്. എന്നുമാത്രമല്ല നിയമവിരുദ്ധമാണ് ഈ നിറുത്തലാക്കൽ നടപടി. സർവ്വകലാശാലാനിയമങ്ങളിൽ അനുശാസിക്കുന്നത് കോഴ്സുകൾ തുടങ്ങുന്നതിനും നിറുത്തലാക്കുന്നതിനും മുൻകൂട്ടി അനുവാദം ലഭിക്കണമെന്നാണ്. സം

യാഹ്നകോളേജുകൾ നിറുത്തലാക്കുന്നതിന് ഈ അനുമതി ലഭിച്ചിട്ടില്ല. ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾ വിവുലപ്പെടുത്തുന്നതിന് നിലവിലുളള സൗകര്യങ്ങൾ പരമാവധി ഉപയോഗപ്പെടുത്തണമെന്നാണ് യു ജി സി നിർദ്ദേശിക്കുന്നത്. ഈയടുത്ത കാലത്തുചേർന്ന വൈസ് ചാൻസിലർമാരുടെ അഖിലേന്ത്യാ സമ്മേളനവും നിർദ്ദേശിച്ചിട്ടുളളത് മേൽ പ്രസ്താവിച്ചരീതിയിലാണ്.

## 16. അൺ എയ്ഡഡ് കോളേജുകൾ

ഈ അദ്ധ്യയന വർഷംമുതൽ കേരളത്തിൽ അൺഎയ്ഡഡ് കോളേജുകൾ ആരംഭിക്കുമെന്നാണ് പ്രഖ്യാപിച്ചിരിക്കുന്നത്. നിലവിലുളള നിയമമനുസരിച്ച് കോളേജുകൾ ആരംഭിച്ചാൽ ജീവനക്കാർക്കു ശമ്പളം കൊടുക്കുന്നത് സർക്കാരാണ്. സർക്കാർ വിദ്യാഭ്യാസത്തിനായി കൂടുതൽപണം ചെലവിടാൻ ഒരുക്കമല്ല. അതിനാൽ പണമുളളവർ പഠിക്കാൻ അവസരമുണ്ടാക്കുന്നതിനാണ് നീക്കം. എന്നു മാത്രമല്ല സ്കൂൾ വിദ്യാഭ്യാസമേഖലയിൽ ആരംഭിക്കുന്ന വരേണ്യവർഗ സ്വഭാവം ഉന്നതവിദ്യാഭ്യാസരംഗത്തും നിലനിർത്തുകയും വേണം. ഉന്നതവിദ്യാഭ്യാസം പണമുളളവർക്കു മാത്രമായി പരിമിതപ്പെടുത്തുന്നതിലേക്കായിരിക്കും ഇതുകൊണ്ടെത്തിക്കുന്നത്. കാലക്രമേണ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പലകോളേജുകളും അടച്ചുപൂട്ടൽ ഭീഷണി നേരിടുകയുംചെയ്യും.

ഈയടുത്തകാലത്തായി കേന്ദ്രസർക്കാർ അവലംബിച്ചിരിക്കുന്ന നയങ്ങളുടെ ഫലമായാണ് പ്രശ്നങ്ങൾ ഇത്രവഷളാകാൻ ഇടയായത്. വിദ്യാഭ്യാസ രംഗത്തു സാധാരണ ജനങ്ങൾക്കുലഭിച്ചിരുന്ന പരിമിതമായ സൗകര്യങ്ങൾപോലും ഇല്ലാതാക്കുന്നതാണ് പുതിയപരിഷ്കാരങ്ങൾ. സാർവത്രികമായ വിദ്യാഭ്യാസം സാദ്ധ്യമല്ലാതായിത്തീരുന്നു. ഭരണഘടനാവാഗ്ദാനങ്ങൾ പാലിക്കപ്പെടുന്നില്ല. സ്വകാര്യവൽക്കരണവും വരേണ്യവൽക്കരണവും അഴിമതിയും കൂടുതൽ പ്രകടമായി വരുന്നു.

ഈ പരിതസ്ഥിതിയിൽ നിലവിലുളള പരിമിതമായ സൗകര്യങ്ങളെങ്കിലും നിലനിർത്തുന്നതിന് നാം പ്രയത്നിച്ചെങ്കിലേ മതിയാകൂ. പുതിയതു സൃഷ്ടിക്കാനെന്ന പേരിൽ പഴയതിനെ പാടെ നശിപ്പിക്കാൻ അനുവദിച്ചുകൂടാ. പ്രതിലോമകരമായ ഏതു നീക്കത്തെയും എതിർക്കേണ്ടതുണ്ട്. അതിന് മുഴുവൻ ജനങ്ങളും അണിനിരക്കണം. രാഷ്ട്രീയത്തിന് അതീതമായി എല്ലാവരും ഒത്തൊരുമിച്ച് പ്രവർത്തിക്കേണ്ട അവസരമാണിത്. വിദ്യാഭ്യാസ സംരക്ഷണ സമിതി ആവിഷ്കരിക്കുന്ന പ്രക്ഷോഭപരിപാടികൾക്ക് മുഴുവൻ ജനങ്ങളുടേയും സഹായസഹകരണങ്ങളുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. □

## സ്വയംഭരണാവകാശം തകർക്കരുത്

—ചെറിയാൻഫിലിപ്പ്

സർവ്വകലാശാലകളുടെ സ്വയംഭരണാവകാശവും ജനാധിപത്യസ്വഭാവും തകർക്കുന്ന ഏതു നീക്കവും വിദ്യാഭ്യാസരംഗത്ത് കൂടുതൽ പ്രശ്നങ്ങൾ ക്ഷണിച്ചു വരുത്തുകയേ ഉളളൂ എന്ന് കേരള ദേശീയവേദി പ്രസിഡൻറ് ചെറിയാൻ ഫിലിപ്പ് അഭിപ്രായപ്പെട്ടു. സെനററിൻെറ അധികാരങ്ങൾ ഇല്ലാതാക്കി സിൻഡിക്കേററിൽ എല്ലാ അധികാരങ്ങളും കേന്ദ്രീകരിക്കുകയും അതിനെ ഒരു സർക്കാർ ബോർഡിന് തുല്യമാക്കുകയും ചെയ്യുന്നത് ഒട്ടും ആശാസ്യമല്ലെന്നും അദ്ദേഹം പറഞ്ഞു.

നിർദ്ദിഷ്ട ഏകീകൃത സർവ്വകലാശാലാ നിയമം നിയമസഭയിൽ അവതരിപ്പിക്കുന്നതിനുമുമ്പ് പൊതു ചർച്ചയ്ക്കു വിധേയമാക്കണമെന്ന് ചെറിയാൻ ഫിലിപ്പ് ആവശ്യപ്പെട്ടു.

Copy of G.O. (MS) No. 42/93H. Edn. dated: 6-4 1993, from the Commissioner and Secretary to Government, Higher Education (B) Department, Trivandrum, Addressed to the Director of Collegiate Education, Thiruvananthapuram.

Implimentation of UGC Scheme—norms for appointment of teachers in Private Colleges - Clarification - Orders issued.

Read:- D. O. No. UGC. Cell I (i) 36250/92/Coll, Edn. dt. 15-1-93 from the Director of Collegiate Education, Thiruvananthapuram.

ORDER

In the D. O. letter read above, Director of Collegiate Education has reported that certain privatecollege managements are appointing teachers without observing the UGC norms on work-load, qualification, etc. and that if such an unhealthy practice is allowed it will lead to several administrative problems and also to become an obligation to Government for making payment of salary to the teachers thus appointed. Hence the Director of Collegiate Education has requested Government to issue orders making it obligatory on the part of the Private College Managements to see prior approval of the Director of Collegiate Education for filling up of any vacancy arsing out of retirement, leave or introduction of new courses. In this connection the Director of Collegiate Education has also pointed out that the issue of such orders will be quite in tune with the provisions under Statute 75, Chapter 5 of the Kerala University First Statutes

2. Government have examined the matter in detail and order that vacancies of teachers arising in the Private Colleges by way of retirement, leave or introduction of new courses shall only be filled up with the prior permission of the Director of Collegiate Education and with due regard to the UGC norms on work-load, qualification etc,

By Order of the Governor,
B. LEELAKUMARI
Under Secretary to Govt

GONERNMENT OF KERALA
ABSTRACT

Higher Education Department. UGC Scheme implementation-Minimum qualifications prescribed for appointment as Lecturer-exemption from passing National Eligibility Test - granted - Orders issued.

........................................................

HIGHER EDUCATION (B)
DPARTMENT

G O (MS) No. 59/93-HEn.d. Trivandrum
Dated 11/5/93.

........................................................

Read:- 1) Lr No. F1-11/87 (CPP) dt. 16-11-92 from the Joint Secretary, UGC NEW DELHI.

2) D.O. Lr. No. UGC Cell I (i) 62502/92 coll. Edn. dt. 23-12-92 from the Director of Collegiate Education Thiruvananthapuram.

## ORDER

In the letter read as first paper above, University - Grants Commission has clarified that the following categories are exempted from the requirement of clearing the Lectureship Eligibility Test provided they posses a minimum of 55% marks at Master's Degree Level.

(i) Those who have possessed the National Eligibility Test examination conducted jointly by the CSIR - UGC for Junior Research Fellowship Award.

(ii) Those who have been awarded M.Phil Degree upto 30-3-91 and

(iii) Those have already been awarded Ph.D. Degrees or would be awarded the Ph.D. Degree by 31-12-92.

2. In the D.O. letter read as 2nd paper above. Director-of Collegiate Education has requested Government to issue orders for the implementation of the directions contained in the aforesaid letter of the University Grants Commission.

3. Government have examined the matter in detail and are pleased to order to exempt the above categories from passing the National Eligibility Test for Appointment as Lecturers in Universities/Colleges.

By Order of the Governor

B. LEELA KUMARI
Under Secretary to Government

## GOVERNMENT OF KERALA
## ABSTRACT

Allowance-Dearness Allowance-Presentation of arrears claims-Extension of time limit - Orders issued

..........................................................

FINANCE (P.R. U.) DEPARTMENT
G.O. (P) No. 337/93/Fin.

Dated Thiruvananthapuram, 25-5-93

..........................................................

Read:

1 G.O. (P) 604/87/Fin dated 15-7-1987
2 G O. (P) 323/88/Fin dated 12-4 1988
3 G.O. (P) 556/88/Fin dated 1-10-1988
4 G.O. (P) 175/89/Fin dated 22-3-1989
5 G.O. (P, 376/89/Fin dated 25-8-1989
6 G.O. (P) 199/90/Fin dated 23-3-1990
7 G.O. (P) 421/90/Fin dated 10-8-1990
8 G.O. (P) 265/91/Fin dated 22-3-1991
9 G.O. (P) 432/91/Fin dated 24-7-1991
10 G.O. (P) 364/92Fin dated 15-4-1992

## ORDER

So many requests are received for condoning the delay in crediting arrears of D.A. sanctioned from 1987 onwards to P.F. account of employees. Government are now pleased to extend the time limit for crediting the D A. arrears into the P. F. account of the employees in respect of the D.A. revisions ordered as per the Government Orders read above upto 31-8-1993. The time limit for crediting the arrears of D.A from 1-1-1991/1-1-1992 to 28-2-1993 sanctioned in G.O.(P)211/93/Fin dated 15-3-1993 into P.F account is also extended upto 31.8-1993. The arrears in this regard will be preferred as part of the salary bill for the months of June. July or August 1993.

All heads of department/offices particularly the officers concerned with the counter signature of arrear bills of private schools/colleges and private polytechnics should ensure that the pending arrear claims are preferred within the above extended time limit.

By Order of the Governor

N. RAMACHANDRA PANICKER
Additional Secretary (Fin.)

# ഗവൺമെൻറും സംഘടനകളുമായി ചർച്ച-മിനിട്സ്

1993 മാർച്ച് 22ന് നടന്ന ചർച്ചയിൽ എ കെ പി സി ടി എ പ്രസിഡൻറ് പ്രൊഫ. ജോർജ് സെബാസ്റ്റ്യൻ, ജനറൽ സെക്രട്ടറി പ്രൊഫ. ടി. എൻ. രാമൻപിള്ള എന്നിവർ പങ്കെടുത്തു. മററു സംഘടനകളുടെ പ്രതിനിധികളും ഉണ്ടായിരുന്നു. എ കെ പി സി ടി എ നല്കിയ നിവേദനത്തിൻെറ അടിസ്ഥാനത്തിലായിരുന്നു ചർച്ച.

The Commissioner & Secretary wlecome the participants in the discussion. The representatives expressed their views on the various items in the Agenda and made certain suggestions. After detailed discussions, on each time, the following recommendations were made:-

(1) In order to maintain P.F. Accounts uptodate and to issue credit cards, maintenance of Accounts on arrears may be computerised.

(2) The staff that becomes surplus in the UGC Cell may be deployed to P.F. Section and additional posts may be created if necessary to maintain P.F. Accounts uptodate.

(3) Powers may be delegated to Dy. DCEs to sanction all temporary advances from the P.F. irrespective of the amount appiled for.

(4) In the case of non-defective applications for temporary advances from PF submitted to Dy. DCE with all required documents Loan will be sanctioned within 2 weeks of their receipt.

(5) In the case of non defective applications for NRA, the Dy DCE will forward the same to DCE within 2 weeks of their receipt and the DCE will sanction the same within a month.

(6) Salary arrear bill / supplimentary bills will be passed by the Dy. DCEs within 2 weeks of their receipt.

(7) The DCE will check up all bills for medical reimbursement now pending in his office and pass orders urgently.

(8) DCE will verify and check up all pending pension cases and finalise payment of pension urgently.

(9) For reckoning qualifying service for pension, the entries in S.B. may be taken as authentic The Dy DCEs during annual inspection should invariably record the service verification certificate in the Service Book as per rules so that it can be reckoned as qualifying service so as to avoid the need for a second verification.

(10) Delay in closing family benefits scheme accounts should be avoided. The DCE will collect details of pending cases and take urgent action to settle them.

(11) The question of extending the benefit of house building/vehicle loan to private college staff will be examined, by Government.

(12) Physical Education Teachers may be given UGC placement as in the case of other teachers.

(13) One Physical Education teacher may be sanctioned in the scheme in colleges where student strength is upto 1000. The second post will be in accordance with the provisions in the ordinance.

(14) The clarification regarding the second post of Physical Education teacher recently issued will be reviewed and till then statu.qo will be maintained

(15) The question of approval of appointment of those appointed on or after 13 3.90 will be examined and arrangements made to pay their salary.

(16) The question of extending FIP/CIP facility to non-Engineering teachers in Engineering colleges will be examined.

(17) The question of senior teachers being exempted from refresher course will be examined.

(18) The request for clarification on payment of income tax on arrears on fixation in UGC Scales to be credited to P.F. will be examined.

(19) The workload of teachers may be reduced for from 16 hours to 15 hours a week.

20 The next meeting may be held during the last week of June 1993.

The Commissioner & Seeretary thanked the participants and the meeting came to a close at 1.45 p.m.

## GOVERMENT OF KERALA
## ABSTRACT

University Grants Commission Scheme-Salary arrears-crediting in the P.F. Account - Extension of time - limit Orders issued.

## HIGHER EDUCATION (B) DEPARTMENT

G O. (MS) No. 55/93/H. Edn.

Dated, Thiruvananthapuram, 30-4-93

Read:- 1.G.O. (MS) No 31/93/H. Edn. dated 5-3-93.

## ORDER

The time limit specified in the Government Order read above is extended for a further period of 3 moths fom 1-4-'93.

ഏ കെ പി സി ടി ഏ നിവേദനം

To

The Addl. Director of Collegiate Education
DCE Office, Vikhas Bhavan,
Trivandrum.

Sir,

Sub. Direction to pass Earned Leave Salary Surrender Bill, Salary Arrear Bill of the Transferred Teachers of SN Colleges-request for.

We would like to bring the following for your active consideration and immediate orders.

The earned Leave Salary Surrender Bill of four teachera of S N. College, Varkala was disallowed and returned from the Dy. D.C.E. office Quilon on 13-5-'93 on the ground that they had been transferred from S.N. College, Varkala to other S. N. Colleges of the same zone. These bills were submitted on 22-3-'93 As per the Transfer order issued by the S. N. Management thsee teachers were releived only on 3-4-'93

In this context we wish to point out that S.N Menagement has effected transfer and posting of about 340 teachers in various S.N. Colleges under the jurisdiction of the five Dy.D.C.E. offices

in the state. About 50 teachers out of 114 teachers of S.N. College, Varkala had been transferred. This Bills relating to UGC Arrear Salary, Leave Surrender salary, Medical reimbursement claim etc of most of these teachers are pending in the respective Dy D C E. offices for the last 3 months. These bills were submitted long before 13-4-'93, the date on which the transfers were effected. In case, all the pending bills involving claim of these teachers are returned to the respective colleges where they were working, these bills will have to be prepared and submitted afresh from their present colleges. As per the present practice arrear salary bills can only be claimed after obtatning salary extract either from the college in which the teacher worked in case the transfer is effected within the same zone or from the concerned Dy. D.C.E. office if the transfer is effected to a college of a different zone. Even under normal circumstances there is inordinated delay in getting the arrear bills passed. It is after great struggle that the teachers get their arrear bills prepared and sent from the college offices, and at the offices of the Dy. D C.Es they remain for long. So it would be quite painful for the teachers to hear that the arrear claim is disallowed on the grounds mentioned above. We need not tell you how much hardship and heart-burn this would cause to the teachers.

We, therefore, request you to view this problem in all its seriousness and issue appropriate directions at the earliest to the Dy. D C Es to pass all the arrear bills submitted prior to the date on which the teachers had been transferred.

General Secretary,
Sd/-
(K. Sadasivan Nair)

Thiruvananthapuram,
21-5-1993.

## സരിതയ്ക്ക് അഭിനന്ദനങ്ങൾ

ഈ വർഷത്തെ എസ്. എസ്. എൽ. സി. പരീക്ഷയിൽ ഒന്നാം റാങ്കുനേടിയ സരിതയെ എ കെ പി സി ടി എ പ്രവർത്തക സമിതി അഭിനന്ദിച്ചു. അടുത്തു കൂടുന്ന സംഘടനയുടെ സംസ്ഥാന കൗൺസിലിൽ സരിതയെ ക്ഷണിച്ച് അനുമോദിക്കാനും പ്രവർത്തക സമിതി തീരുമാനിച്ചു.

എസ്. ഡി. കോളേജ് അധ്യാപകനും എ കെ പി സി ടി യുടെ സജീവ പ്രവർത്തകനുമായ പ്രൊഫ. ഡി. നാരായണൻ കുട്ടിയുടെ മകളാണ് സരിത.

## ജില്ലാ കൺവൻഷനുകളിൽ സമരാവേശം

കോളേജധ്യാപകരെ തരം താഴ്ത്തി സ്ക്കൂളിലേയ്ക്കു പറഞ്ഞുവിടാനുള്ള ഏതു നീക്കത്തെയും ചെറുത്തു തോല്പിക്കുമെന്ന് എല്ലാ ജില്ലകളിലും നടന്ന എ കെ പി സി ടി എ കൺവെൻഷനുകൾ പ്രഖ്യാപിച്ചു. ജൂൺ 23,24 തീയതികളിലായിരുന്നു ജില്ലാകൺവെൻഷനുകൾ.

സംഘടനയുടെ പ്രവർത്തക സമിതി അംഗങ്ങൾ എല്ലാ ജില്ലകളിലും പങ്കെടുത്ത് കാര്യങ്ങൾ വിശദീകരിച്ചു.

# ആർ. ആർ. സി. ഫണ്ട്

എ. കെ. പി. സി. ടി. എ. യുടെ സമുന്നത നേതാവായിരുന്ന പ്രൊഫ. ആർ. ആർ. സി. യുടെ കുടുംബത്തെ സഹായിക്കാനായി സംഘടന ആഹ്വാനം ചെയ്ത ഫണ്ടിലേയ്ക്ക് ഒരു ലക്ഷത്തി എൺപത്തെണ്ണായിരത്തി ഇരുപത്തിനാലു രൂപ മൊത്തം പിരിഞ്ഞുകിട്ടി. ഈ തുക കോട്ടയത്തു നടന്ന സംസ്ഥാനസമ്മേളനത്തിൽ വച്ച് ആർ. ആർ. സി. യുടെ മകൻ ഏറ്റുവാങ്ങി. പിരിഞ്ഞുകിട്ടിയ തുകയുടെ കണക്ക് താഴെ കൊടുക്കുന്നു. ഇതുമായി സഹകരിച്ച എല്ലാവർക്കും സംഘടനയുടെ നന്ദി.

| | | Rs. ps. |
|---|---|---|
| | **Thiruvananthapuram** | |
| 1 | V.T.M N S S. College, Dhanuvachapuram | 13,100.00 |
| 2 | NSS Womens College, Karamana | 6,050.00 |
| 3 | M G College, Thiruvananthapuram | 5 800,00 |
| 4 | S.N. College, Varkala | 1,000.00 |
| 5 | Christian College, Kattakada | 7,00 00 |
| 6 | Iqbal College, Peringamala | 300.00 |
| | **Kollam** | |
| 7 | N.S.S College, Nilamel | 9,000.00 |
| 8 | T.K.M. College of Arts and Science | 1001.00 |
| 9 | S.N. College, Kollam | 1,000 00 |
| 10 | S.N. College, Punalur | 651.00 |
| 11 | N.S.S. College, Kottiyam | 300.00 |
| | **Alapuzha** | |
| 12 | N.S.S College, Cherthala | 7,000.00 |
| 13 | S.N. College, Cherthala | 500.00 |
| 14 | S D College, Alapuzha | 6,000.00 |
| 15 | M.S.M. College, Kayamkulam | 5000.00 |
| 16 | Bishop Moore College, Mavelikara | 500.00 |
| 17 | Christian College, Chengannur | 3,226,00 |
| | **Pathanamthitta** | |
| 18 | St Cyrils College, Adoor | 500.00 |
| 19 | N.S.S. College, Pandalam | 13,000.00 |
| 20 | Catholicate College, Pathanamthitta | 750.00 |
| 21 | St Thomas College, Kozhencherry | 1125.00 |
| 22 | St. Thomas College, Ranni | 100.00 |
| 23 | BAM College, Thuruthicaud | 1,000 0 |
| 24 | DB. Pamba College, Mannar | 2,615.00 |
| | **Kottayam/Idukki** | |
| 25 | N.S S. Hindu College, Changanacherry | 15,000.00 |
| 26 | SVR N.S S. College, Vazhoor | 15,201.00 |
| 27 | St Dominic College, Kanjirapally | 500.00 |
| 28 | MES College, Nedumkandam | 725.00 |
| 29 | St Mary's College, Manarcaud | 250 00 |
| 30 | Basalius College, Kottayam | 1,000.00 |

| | | |
|---|---|---|
| 31 | CMS College Kottayam | 1,000 00 |
| 32 | K E College Mannanam | 1,000.00 |
| 33 | Devamatha College, Kuravilangad | 1,000 00 |
| 34 | St. Stephen's College, Uzhavoor | 1,000.00 |
| | Ernakulam | |
| 35 | Nirmala College, Moovattupuzha | 250 00 |
| 36 | St. Peter's College, Kolencherry | 500.00 |
| 37 | St. Albert's College, Ernakulam | 2,615.00 |
| 38 | St Xaviers College, Aluva | 750 00 |
| 39 | U.C. College, Aluva | 2,000.00 |
| 40 | SNM College, Maliankara | 750 00 |
| 41 | S S V. College Perumbavoor | 1000 00 |
| 42 | Sree Sankara College, Kaladi | 1,500 00 |
| | Thrisur | |
| 43 | St Thomas College, Thrissur | 350.00 |
| 44 | S.N. Colleg; Nattika | 1,000 00 |
| 45 | S.K.V. College, Thrissur | 6,000 00 |
| 46 | Sree Vyasa College, Vadakkancherry | 2,025.00 |
| 47 | St Alosious College, Elthuruth | 500.00 |
| 48 | Christ College, Irinjalakuda | 1,000.00 |
| | Palakkad | |
| 49 | S.N. College, Alathur | 500 00 |
| 50 | N S S College, Ottapalam | 6,000 00 |
| 51 | NSS College, Nemmera | 10,559 000 |
| | Malappuram | |
| 52. | N.S.S. College Manjeri | 11,000.00 |
| 53 | MES College Mampad | 3550.00 |
| 54 | PSMO College, Thiruangadi | 500.00 |
| | Kozhikkode/Wynad | |
| 55 | Faroke College, Feroke | 1,000.00 |
| 56 | Malabar Christian College | 1,000.00 |
| 57 | St. Joseph's College, Devagiri | 800.00 |
| 58 | Guruvayoorappan College, Kozhikode | 500.00 |
| | Cannanore/Kasergod | |
| 59 | S. N. College, Cannanore | 1000 00 |
| 60 | Nirmalagiri College, Koothuparambu | 150 00 |
| 61 | Sir Syed College, Thaliparambu | 1,250 00 |
| | Other Organisations | |
| 1. | ACT. Calicut University | 7,351 00 |
| 2. | Employees Union, Calicut University | 5,000 00 |
| | Contributions from persons | |
| 1 | Sri N. Vasudevan Nair Kaladi | 500.00 |
| 2 | Sri. Dr. Sankaran Ravindran, Calicut University | 250 00 |
| | | Rs. 1,88,024.00 |

Prop. K. Sadasivan Nair
Covenor, RRC Fund

Kottayam,
30-4-1993.

# ആളെ പിടിക്കാൻ നുണപ്രചാരണം

വിവിധ കോളജദ്ധ്യാപക സംഘടനകളിൽ നിന്നും പിരിഞ്ഞുപോയ സ്ഥാനമോഹികളും രാഷ്ട്രീയ ഭിക്ഷാംദേഹികളും ചേർന്നുണ്ടാക്കിയ പുതിയ സംഘടന അർദ്ധസത്യങ്ങളും അസത്യങ്ങളും പ്രചരിപ്പിച്ച് ആളെപ്പിടിക്കാൻ തീവ്രശ്രമത്തിലാണ്. പല അടവുകളും പയററി പരാജയമടഞ്ഞപ്പോൾ സോളിഡാരിററി മുഖപത്രവുമായി ഇറങ്ങിപ്പുറപ്പെട്ടിരിക്കയാണ്. പോളണ്ടിൽ 'സോളിഡാരിററി നാമാവശേഷമായി എന്നത് മറെറാരു വസ്തുത. വർഗ്ഗവഞ്ചനക്കു പര്യായമായ ആ പേര് തന്നെ അന്വർത്ഥമാണ്. ഗീബൽസാണവരുടെ മാർഗ്ഗദർശി. അദ്ധ്യാപക പ്രശ്നങ്ങൾ അവർക്ക് പ്രശ്നങ്ങളല്ല അവർക്ക് പ്രശ്നം എ കെ പി സി ടി എ മാത്രം. നേട്ടങ്ങൾ 'അത് ഞങ്ങളാണ്" എന്ന ശൈലിയിൽ കൊട്ടിഘോഷിക്കുക, കോട്ടങ്ങൾ മററുള്ളവരുടെ മേൽവച്ചുകെട്ടുക.

64,68 വകുപ്പുകൾക്കെതിരെ (ഇൻറർ യൂണിവേഴ്സിററി ട്രാൻസ്ഫർ നോംസ്) അനുയായികളെക്കൊണ്ട് കേസ് കൊടുപ്പിച്ചു. ഇൻട്രായൂണിവേഴ്സിററി ട്രാൻസ്ഫർനോംസിനെതിരായി മാനേജർ കേസ് കൊടുത്തപ്പോൾ മൗനം ദീക്ഷിച്ച് മാനേജരോട് വിധേയത്വം പുലർത്തി. ഈ നിയമത്തിൻെറ സ്ററാറ്റ്യൂട്സ് കേരളയൂണിവേഴ്സിററി സിണ്ടിക്കേററിൽ ചർച്ചക്കു വന്നപ്പോൾ അതിനെതിരെ കൈപൊക്കി വോട്ട് ചെയ്ത് ഒററവോട്ടിന് പരാജയപ്പെടുത്തി 'അദ്ധ്യാപക പ്രേമം തെളിയിച്ചു'

സെനററിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപക പ്രതിനിധികളുടെ സെനററ് മെമ്പർഷിപ്പ് റദ്ദുചെയ്യപ്പെട്ടിട്ട് മിണ്ടാട്ടമില്ല.

ഇപ്പോൾ ഇതാ അധ്യാപകരുടെ സർവ്വീസ് കണ്ടീഷൻസ് വകുപ്പില്ലാത്തതും ജനാധിപത്യരീതിയിൽ തെരഞ്ഞെടുക്കപ്പെട്ട സമിതികളില്ലാത്തതും ആയ യൂണിഫൈഡ് ആക്ടിനെ സ്വാഗതം ചെയ്യുന്നു.

ഇങ്ങിനെ നീണ്ട ഒരു പട്ടികതന്നെ നിരത്താനുണ്ട്, കെ പി സി ററി യുവിൻെറ 'നേട്ടങ്ങളായി'

നുണ പ്രചാരണത്തിന് ഏററവും ഒടുവിലത്തെ ഉദാഹരണം :

22-3-'93ൽ ഹയർ എഡ്യൂക്കേഷൻ സെക്രട്ടറിയും എല്ലാ കോളേജദ്ധ്യാപക സംഘടനാപ്രതിനിധികളുമായി ചർച്ചനടക്കുകയുണ്ടായി. ഈ ചർച്ച കെ പി സി ററി യു വും ഗവർമെൻറും ആയി മാത്രം നടന്ന ചർച്ചയായിട്ടാണ് പ്രസ്തുത സംഘടനയുടെ സെക്രട്ടറി അണികളെ എഴുതി അറിയിച്ചിരിക്കുന്നത്. (എ കെ പി സി ടി എ ഗവൺമെൻറിന് സമർപ്പിച്ച മെമ്മോറാണ്ടത്തിൻെറ അടിസ്ഥാനത്തിലാണ് ചർച്ച നടന്നത് എങ്കിൽപോലും സംഘടന അതിൽ മേനി നടിക്കുന്നില്ല) പ്രസ്തുത ചർച്ചയുടെ മിനിട്സ് ഗവൺമെൻറ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. (അന്യത്ര ചേർത്തിരിക്കുന്നു.) മിനിട്സിൽ ഇല്ലാത്ത പലകാര്യങ്ങളും ചർച്ചയിൽ തീരുമാനമായതായി ആ സംഘടനയുടെ സെക്രട്ടറി അണികളെ എഴുതിയറിയിച്ചിരിക്കുന്നു, അദ്ധ്യാപകരെപ്പററിക്കുന്ന ഈ പരിപാടി കെ പി സി ററി യുവിനുമാത്രം ഭൂഷണമാണ്.

# എ കെ പി സി ടി എ ഭാരവാഹികൾ (1993-94)

പ്രസിഡൻറ്

പ്രൊഫ. വി. നാരായണൻകുട്ടി,
ഗുരുവായൂരപ്പൻ കോളേജ്,
കോഴിക്കോട്.

വൈസ് പ്രസിഡൻറ്

പ്രൊഫ. പി. ജി. ചന്ദ്രശേഖരൻ നായർ
ഡി. ബി. പമ്പ കോളേജ്
പരുമല, മാന്നാർ

ജനറൽ സെക്രട്ടറി

പ്രൊഫ. കെ. സദാശിവൻ നായർ
എസ്. വി ആർ. എൻ. എസ്. എസ്.
കോളേജ്, വാഴൂർ

ട്രഷറർ

പ്രൊഫ. സി. ജെ. ശിവശങ്കരൻ
ക്രൈസ്റ്റ് കോളേജ്
ഇരിങ്ങാലക്കുട.

**സെക്രട്ടറിമാർ**

കേരളയൂണിവേഴ്സിററി

പ്രൊഫ. ആർ. മോഹൻകുമാർ
എസ്. എൻ. കോളേജ്, വർക്കല

എം ജി യൂണിവേഴ്സിററി

പ്രൊഫ. പി. ജെ ഫിലിപ്പ്
സെൻറ് തോമസ് കോളേജ്
കോഴഞ്ചേരി.

കോഴിക്കോട് യൂണിവേഴ്സിററി

പ്രൊഫ. പി. വി. ചന്ദ്രമോഹൻ,
മലബാർ ക്രിസ്ത്യൻ കോളേജ്
കോഴിക്കോട്,

**ജില്ലാ ഭാരവാഹികൾ**

തിരുവനന്തപുരം

പ്രസിഡൻറ്

ശ്രീ. കെ. എൽ. വിവേകാനന്ദൻ,
എസ്. എൻ. കോളേജ്,
ചെമ്പഴന്തി,

സെക്രട്ടറി

പ്രൊഫ. ആർ. മോഹനകൈമൾ
വി. ററി. എം. എൻ. എസ്. എസ്. കോളേജ്,
ധനുവച്ചപുരം

കൊല്ലം

പ്രസിഡൻറ്

പ്രൊഫ. വസന്തൻബാബു
എസ്. എൻ. കോളേജ്,
കൊല്ലം

സെക്രട്ടറി

പ്രൊഫ. എസ്. നാഗേന്ദ്രകുമാർ,
ററി. കെ. എം. ആർട്ട്സ് ആൻറ് സയൻസ്
കോളേജ്, കൊല്ലം

ആലപ്പുഴ

പ്രസിഡൻറ്

പ്രൊഫ. ജോൺ എം. ഇട്ടി,
ബിഷപ്പ്മൂർ കോളേജ്,
മാവേലിക്കര

സെക്രട്ടറി

പ്രൊഫ. രവീന്ദ്രനാഥൻ നായർ
എസ്. ഡി കോളേജ്,
ആലപ്പുഴ

പത്തനംതിട്ട

പ്രസിഡൻറ്

പ്രൊഫ. എൻ. വിജയൻ
സെൻറ് തോമസ് കോളേജ്,
റാന്നി.

സെക്രട്ടറി

പ്രൊഫ. ടി. കെ. ജി. നായർ
എൻ. എസ്. എസ്. കോളേജ്,
പന്തളം

കോട്ടയം/ഇടുക്കി

പ്രസിസൻറ്

പ്രൊഫ. ഇ. പി. മാത്യു,
സെൻറ് സ്ററീഫൻസ് കോളേജ്,
ഉഴവൂർ.

സെക്രട്ടറി

പ്രൊഫ. മോഹൻകുര്യൻ
സി. എം. എസ്. കോളേജ്
കോട്ടയം.

എറണാകുളം

പ്രസിഡൻറ്

പ്രൊഫ. റി. പി. ശിവശങ്കരൻ നായർ
എസ്. എസ്. കോളേജ്.
കാലടി.

സെക്രട്ടറി

പ്രൊഫ. റി. എം. തോമസ്,
നിർമ്മല കോളേജ്,
മൂവാററുപുഴ

തൃശ്ശൂർ

പ്രസിഡൻറ്

പ്രൊഫ. പി. എസ്. നാരായണൻ,
എസ്. കെ. വി. കോളേജ്,
തൃശ്ശൂർ

സെക്രട്ടറി

പ്രൊഫ. ഇ. എം. ആൻറണി,
സെൻറ് അലോഷ്യസ് കോളേജ്,
എൽതുരുത്ത്

പാലക്കാട്

പ്രസിഡൻറ്

പ്രൊഫ. എ. റി. ചെറിയാൻ
വി. റി. ബി. കോളേജ്,
ശ്രീകൃഷ്ണപുരം.

സെക്രട്ടറി

ശ്രീ. ഗ്രാമപ്രകാശ് എൻ. ആർ.
എസ്. എൻ. കോളേജ്,
ഷൊർണൂർ.

മലപ്പുറം

പ്രസിഡൻറ്

പ്രൊഫ. ഹബീബ് റഹ്മാൻ
എം. ഇ. എസ്. കോളേജ്,
പൊന്നാനി.

സെക്രട്ടറി

പ്രൊഫ. എ. ശിവരാമൻ,
എൻ. എസ്. എസ്. കോളേജ്,
മഞ്ചേരി.

കോഴിക്കോട് / വയനാട്

പ്രസിഡൻറ്

പ്രൊഫ. പി. പി. ജോൺ,
സെൻറ് ജോസഫ്സ് കോളേജ്,
കോഴിക്കോട്.

സെക്രട്ടറി

പ്രൊഫ. പി. റി. അബ്ദുറം ലത്തീഫ്,
ഫറോക്ക് കോളേജ്,
ഫറോക്ക്

കണ്ണൂർ/കാസർകോട്

പ്രസിഡൻറ്

പ്രൊഫ. അബ്ദുറം റഹീം,
സർസെയ്ദ് കോളേജ്,
തളിപ്പറമ്പ്.

സെക്രട്ടറി

ശ്രീ ബി. കെ. എം. എച്ച്. അൻസാരി,
സർസെയ്ദ് കോളേജ്,
തളിപ്പറമ്പ്.

വർക്കിംഗ് കമ്മിററിയിലേക്ക് നോമിനേററ് ചെയ്യപ്പെട്ടവർ.

ശ്രീമാൻമാർ പ്രൊഫ. ജോർജ്ജ് സെബാസ്ററ്യൻ, പ്രൊഫ. ടി. എൻ. രാമൻപിള്ള, പ്രൊഫ. ജി. മാധവൻ നായർ, പ്രൊഫ. എസ്. വിശ്വനാഥൻ, പ്രൊഫ. കെ. പി. ദിവാകരൻ നായർ, പ്രൊഫ. കെ. ഹരീന്ദ്രൻ (എസ്. എൻ. കോളേജ്, കൊല്ലം) എന്നിവരെ വർക്കിംഗ് കമ്മിററിയിലേക്ക് നോമിനേററ് ചെയ്തു.

ശ്രീമതിമാർ പ്രൊഫ. വസന്തലത (കേരള) പ്രൊഫ. അന്നമ്മ വർഗീസ്, (മഹാത്മാഗാന്ധി), പ്രൊഫ. പ്രഭ(കോഴിക്കോട്) എന്നിവരെ വനിതാ കൺവിനേഴ്സ് ആയി നോമിനേററ് ചെയ്തു. ഇവരെ വർക്കിംഗ് കമ്മിററിയിലെ സ്ഥിരം ക്ഷണിതാക്കളാക്കുവാനും തീരുമാനിച്ചു.

വെൽഫയർ ട്രസ്ററ്

ശ്രീമാൻമാർ പ്രൊഫ. ജി. മാധവൻ നായരെയും പ്രൊഫ. ആർ. മോഹനകൈമളെയും (വി ടി എം എൻ എസ് എസ് കോളേജ്, ധനുവച്ചപുരം) വെൽഫയർ ട്രസ്ററിലേക്ക് നോമിനേററ് ചെയ്തു.

ലയിസൺ ഓഫീസേഴ്സ്

സെക്രട്ടറിയേററ്, ഡയറക്ടർ ഓഫീസ്
ശ്രീ വിജയകുമാർ,
മാർഇവാനിയോസ് കോളേജ്,
തിരുവനന്തപുരം
ശ്രീ ജോണി കെ ജോൺ, മാർ ഇവാനിയോസ്
കോളേജ്, തിരുവനന്തപുരം
ശ്രീ കെ പി ദിവാകരൻനായർ, വി ററി എം
എൻ എസ് എസ് കോളേജ്
ധനുവച്ചപുരം

## ഡെപ്പ്യൂട്ടി ഡയറക്ടർ ഓഫീസുകൾ

### കോഴിക്കോട്

ശ്രീ പി ററി അബ്ദുൽ ലത്തീഫ്
ഫറോക്ക് കോളേജ്, ഫറോക്ക്

### തൃശ്ശൂർ

ശ്രീ ഇ എം ആൻറണി, സെൻെറ് അലോഷ്യസ്
കോളേജ്, എൽത്തുരുത്ത്

### എറണാകുളം

ശ്രീ ററി എം തോമസ്,
നിർമ്മലാകോളേജ്,
മൂവാററുപുഴ

### കോട്ടയം

ശ്രീ മോഹൻ കുര്യൻ,
സി എം എസ് കോളേജ്, കോട്ടയം

### കൊല്ലം

ശ്രീ എം അബ്ദുൽ മജീദ്,
ററി കെ എം ആർട്ട്സ് കോളേജ്,
കൊല്ലം

## യൂണിവേഴ്സിററികൾ

### കോഴിക്കോട്

ശ്രീ വി രാജഗോപാലൻ,
മലബാർ ക്രിസ്ത്യൻകോളേജ്
കോഴിക്കോട്

### മഹാത്മാഗാന്ധി

ശ്രീ സക്കറിയ ഉമ്മൻ,
സി എം എസ് കോളേജ്
കോട്ടയം

### കേരള

ശ്രീ പ്രതാപചന്ദ്രൻ നായർ
എൻ എൻ എസ് കോളേജ്
നിലമേൽ

## സിൻഡിക്കേററ് സബ്ക്കമ്മിററി

### കൺവീനേഴ്സ്

### കോഴിക്കോട്

പ്രൊഫ പി വി ചന്ദ്രമോഹൻ,
മലബാർ കൃസ്ത്യൻ കോളേജ്
കോഴിക്കോട്

### മഹാത്മാഗാന്ധി

പ്രൊഫ. ററി. ജോർജ്ജു സെബാസ്ററ്യൻ
കെ ഇ. കോളേജ്, മാന്നാനം

### കേരള

പ്രൊഫ ററി എൻ രാമൻപിള്ള,
വി ററി എം എൻ എസ് എസ് കോളേജ്,
ധനുവച്ചപുരം

---

(5-ാം പേജിൻെറ തുടർച്ച)

യെല്ലാം പരാജയപ്പെടുത്തി എ. കെ. പി. സി. ടി. എ. വിജയിച്ചു നിയമം നടപ്പിലായി. അദ്ധ്യാപകൻെറ ജീവിതം തുലച്ച 'തെക്കു വടക്കുസ്ഥലംമാററം' ഇന്നില്ല. എ കെ. പി. സി. ടി. എ. അല്ലാതെ മറേറതെങ്കിലും സംഘടനയ്ക്ക് ഇതിലെന്തെങ്കിലും പങ്കുണ്ടായിരുന്നോ? അവർ ആത്മപരിശോധന നടത്തട്ടെ. ഇന്നും മാനേജരുടെ 'അദ്ധ്യാപക സംഘടന'യുമായി ഐക്യവേദിയുണ്ടാക്കി നടക്കുന്ന കെ. പി. സി. ടി. യുക്കാരന് മാനേജരുടെ താൽപര്യമല്ലാതെ മറെറന്തെങ്കിലും സംരക്ഷിക്കാനാവുമോ?

ഇൻറർ യൂണിവേഴ്സിററി ട്രാൻസ്ഫർ പ്രശ്നത്തിൽ വിജയിച്ച എ. കെ. പി. സി. ടി. എ യുടെ മറെറാരു മുന്നേററമായിരുന്നു 'ഇൻട്രായൂണിവേഴ്സിററി ട്രാൻസ്ഫർനോംസ്' ഗവൺമെൻറിനെക്കൊണ്ട് നടപ്പിലാക്കാൻ കഴിഞ്ഞത്. ഈ നിയമം വന്ന ഉടനെ എൻ. എസ്. എസ് മാനേജർ കോടതിയിൽ കേസുകൊടുത്തു. കെ. പി. സി. ടി. യു. എന്തു ചെയ്തു? മാനേജുമെൻറിൻെറ കേസിനെ എതിർത്തോ? അവിടേയും എ. കെ. പി. സി. ടി. എ. മാത്രമാണ് പോരാടാനുണ്ടായിരുന്നത്. എന്തുകൊണ്ടാണ് കെ. പി. സി. ടി. യു. മിണ്ടാഞ്ഞത്? മാനേജുമെൻറിൻെറ പോക്കററു സംഘടനയാണത് എന്നതിനു മററു തെളിവുകൾ വേണമോ?

അദ്ധ്യാപക വഞ്ചന നിരന്തരം തുടരുന്ന കെ. പി. സി. ടി. യു. അദ്ധ്യാപക സമൂഹത്തിന് തീരാക്കളങ്കമായി മാറിയിരിക്കുന്നു. ഏററവുമൊടുവിൽ വിളനിലത്തിന് പിൻതുണയുമായാണ് ഈ സംഘം പ്രത്യക്ഷപ്പെട്ടിരിക്കുന്നത്.

അദ്ധ്യാപകൻെറ സ്ഥലംമാററ നിയമത്തെ വോട്ടുചെയ്ത് പരാജയപ്പെടുത്തിയവർ വിളനിലത്തിനുവേണ്ടി കൈ പൊക്കുന്നു! ദോഷം പറയരുതല്ലോ. മററു സംഘടനകളെപ്പോലെ കെ. പി. സി. ടി. യുവിന് യാതൊരു രാഷ്ട്രീയവുമില്ല!

### മാതൃഭൂമി–മുഖപ്രസംഗം (1993 ജൂൺ 20)

# രാഷ്ട്രീയ സ്വാധീനം കൂട്ടരുത്

കേരള ഗവൺമെൻറ് ഒരു ഏകീകൃത സർവകലാശാലാ നിയമം നിർമിക്കാൻ പോകുന്നു. തീരുമാനം പുറത്തുവന്നിട്ട് കുറച്ചു കാലമായി. പല ഭാഗങ്ങളിൽനിന്നും അന്നുമുതലേ എതിർപ്പും തുടങ്ങി. നിലവിലുള്ള സർവകലാശാലാ നിയമങ്ങൾക്ക് ഒട്ടേറെ കുറവുകൾ ഉണ്ടെന്നതു ശരിയാണ്. അവ തീർക്കാൻ ശ്രമിക്കുന്നതു നല്ലതുമാണ്. സർവകലാശാലകളുടെ നടത്തിപ്പിലും പാഠ്യപദ്ധതികളിലും തിരുത്തേണ്ട കാര്യങ്ങൾ ധാരാളമുണ്ട്. നിയമത്തിലെന്നതിലധികം നിയമനിർവഹണ രീതിയിൽ മാററങ്ങൾ വരുത്തിയാണ് അവ തിരുത്തേണ്ടത്. പണ്ടത്തെ തിരുവിതാംകൂർ സർവകലാശാല കേരള സർവകലാശാലയായി മാറിയതിനെ തുടർന്ന് 1957–ൽ കേരളാ സർവകലാശാല നിയമം നിലവിൽവന്നു. 1969-ൽ വരുത്തിയ ഭേദഗതികളോടുകൂടിയാണ് ആ നിയമം സമഗ്രമായത്. സർവകലാശാലയെ ജനാധിപത്യവൽക്കരിക്കലാണ് ഉദ്ദേശ്യം എന്നാണ് അന്നു സർക്കാർ അവകാശപ്പെട്ടിരുന്നതെങ്കിലും, സെനററിന്റെ പ്രാതിനിത്യസ്വഭാവം ഗണ്യമായി കുറക്കുന്നതും സിൻഡിക്കേററ് അംഗങ്ങളുടേയും വൈസ് ചാൻസലറുടെയും നിയമനത്തിൽ സർക്കാരിന്റെ സ്വാധീനം വർധിപ്പിക്കുന്നതുമായിരുന്നു ആ ഭേദഗതികൾ. ബിൽ പൊതുജനാഭിപ്രായമറിയാൻ വിതരണം ചെയ്ത സമയത്തുതന്നെ ഞങ്ങൾ അതിനെ വിമർശിക്കുകയുണ്ടായി. 1974-ൽ ആ നിയത്തിന് പിന്നെയും ഭേദഗതി വന്നു. 1975-ലാണ് കാലിക്കററ് സർവകലാശാലാ നിയമം വന്നത്. അതിന്റെ രൂപം ഏതാണ്ടു പഴയതുതന്നെയായിരുന്നു. മഹാത്മാഗാന്ധി സർവകലാശാല രൂപം കൊണ്ടപ്പോൾ, 1985-ൽ നിയമത്തിൽ മാററം വന്നു. സെനററിലും സിൻഡിക്കേററിലും നാമനിർദേശം ചെയ്തവരുടെ അനുപാതം കൂടി. പുതുതായി ഒന്നുതുടങ്ങുമ്പോൾ അതാവശ്യമായി വരും. ക്രമേണ തിരഞ്ഞെടുപ്പുകൾ നടത്തുകയും ജനാധിപത്യ സ്വഭാവം പുനഃസ്ഥാപിക്കുകയുമാണ് വേണ്ടത്.

സർവകലാശാലാ ഗ്രാൻറ്സ് കമ്മീഷൻ സെനററിന്റെ പ്രാതിനിത്യസ്വഭാവവും അധികാരങ്ങളും കുറയ്ക്കണമെന്നാവശ്യപ്പെടുന്നുണ്ടത്രെ. അത് കമ്മീഷൻ സഹായം നൽകാൻ തുടങ്ങിയതിനുശേഷം തുടങ്ങുന്ന സർവകലാശാലകളുടെ കാര്യത്തിലാണെന്നാണറിവ്. മഹാത്മാഗാന്ധി സർവകലാശാലയുടെ കാര്യത്തിൽ അതിനു പ്രസക്തിയുണ്ടെന്നു പറയാമെങ്കിലും, അതിന്റെ പേരു പറഞ്ഞ് എല്ലാ സർവകലാശാലകളുടേയും ജനാധിപത്യ സ്വഭാവം ഹനിക്കുന്ന രീതിയിൽ ഒരു ഏകീകൃത നിയമം ഉണ്ടാക്കുന്നതിൽ ഔചിത്യമുണ്ടെന്നു തോന്നുന്നില്ല. പുതിയ ബില്ലിലെ വ്യവസ്ഥകളാകട്ടെ, ഫലത്തിൽ, എല്ലാ അധികാരങ്ങളും ഗവൺമെൻറിൽ, കുറച്ചുകൂടി വ്യക്തമായി പറഞ്ഞാൽ വിദ്യാഭ്യാസമന്ത്രിയിൽ, നിക്ഷിപ്തമാക്കുന്ന മട്ടിലുള്ളവയാണ്. ചാൻസലർ ആയ ഗവർണറുടെ തൊട്ടുതാഴെയാണ് പ്രൊ-ചാൻസലർ ആയ വിദ്യാഭ്യാസമന്ത്രി. സർവകലാശാലയിൽനിന്ന് ഏതു വിവരവും രേഖയും ആവശ്യപ്പെട്ടു വരുത്തി പരിശോധിക്കാൻ ചാൻസലർക്കുള്ള അധികാരം പ്രൊചാൻസലർക്കും നൽകാൻ വ്യവസ്ഥ ചെയ്യുന്നുണ്ടത്രെ. ചാൻസലർ സ്ഥലത്തില്ലാത്തപ്പോൾ അദ്ദേഹത്തിന്റെ എല്ലാ അധികാരങ്ങളും പ്രൊ-ചാൻസലർക്കാവും. സർവകലാശാലാ ഭരണാധിപനായ വൈസ് ചാൻസലറെ സർക്കാരിനു വിധേയനാക്കുന്ന വ്യവസ്ഥയാണ്. മന്ത്രിക്കു വൈസ് ചാൻസലറോടു കൽപിക്കാം, എന്നർഥം. ചാൻസലറുടെ സമ്മതത്തോടുകൂടിയാണ് മന്ത്രിനിർദേശങ്ങൾ നൽകേണ്ടതെന്ന വ്യവസ്ഥയ്ക്ക്, അദ്ദേഹത്തിന്റെ അസാന്നിധ്യത്തിൽ സർവാധികാരിയായി വാഴുന്ന മന്ത്രിയുടെ മുന്നിൽ ഒരു പ്രസക്തിയുമില്ല. ഗവൺമെൻറും വിദ്യാഭ്യാസ മന്ത്രിയുമൊക്കെ മാറിമാറിവരും. അതാതു കാലത്ത് ഭരിക്കുന്ന ഗവൺമെൻറിനും വിദ്യാഭ്യാസ മന്ത്രിക്കും രാഷ്ട്രീയക്കാർക്കും സർവകലാശാലയുടെ സ്വയംഭരണാവകാശത്തെയും വൈസ് ചാൻസലറുടെ പദവിയെയും വിധേയമാക്കുന്ന വ്യവസ്ഥയാണിത്.

സർവകലാശാലയുടെ പ്രതിനിധിസഭ സെനററാണ്. ഇന്നു ബഡ്ജററും വാർഷിക റിപ്പോർട്ടും മററും ചർച്ച ചെയ്തു പാസാക്കുന്ന

ത് ഈ സഭയാണ്. ചർച്ച ഇനിയും ഉണ്ടാവുമെങ്കിലും, പുതിയ നിയമമനുസരിച്ച് ഇതൊക്കെ പാസാക്കുന്നതു സിൻഡിക്കേററായിരിക്കുമത്രെ. അക്കാദമിക്ക് പരിപാടി അവലോകനം ചെയ്യുകയും സർവകലാശാലയുടെ നടത്തിപ്പു മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ നൽകുകയും മാത്രമായി ചുരുങ്ങുന്നു സെനററിന്റെ ധർമം. അതിനു പാകത്തിനാണ് അതിന്റെ ഘടനയും. നാമനിർദേശം ചെയ്യുന്ന 27 അംഗങ്ങളുള്ളപ്പോൾ, തിരഞ്ഞെടുക്കപ്പെടുന്നവർ 20 മാത്രമാണ്. സർക്കാരിനുതന്നെയാണ് സെനററിലും മുൻ കൈ എന്നർഥം. സിൻഡിക്കേററിനും അക്കാദമിക് കൗൺസിലിനും താഴെയാണത്രെ സെനററിന്റെ സ്ഥാനം. അങ്ങനെയാണെങ്കിൽ, വൈസ്ചാൻസലറും സിൻഡിക്കേററ് അംഗങ്ങളും എന്നുവേണ്ട, ഫാക്കൽററി ഡീൻമാരും പ്രൊഫസർമാരും കൂടി സെനററിനെ വിലവെയ്ക്കേണ്ട ആവശ്യമില്ല, വിലവെയ്ക്കുകയുമില്ല. എന്തിനാണിങ്ങനെയൊരു പ്രതിനിധി സഭ? ഇന്നത്തെ സ്ഥിതി വളരെ മെച്ചമാണെന്നൊന്നുമല്ല ഞങ്ങൾ ഈ പറയുന്നതിന്നർഥം. വൈസ്ചാൻസലറും സിൻഡിക്കേററും സെനററുമൊക്കെ തമ്മിൽ സംഘർഷമാണിന്നു പലേടത്തും. പ്രധാന കാരണം, എല്ലാ നിയമനങ്ങളിലുമുള്ള രാഷ്ട്രീയത്തിന്റെ കടന്നുകയററം തന്നെയാണ്. ഇതിന്റെയൊക്കെ ഫലം അനുഭവിക്കേണ്ടി വരുന്നത് വിദ്യാർഥികളാണ്. പഠിപ്പു മുതൽ പരീക്ഷവരെ എല്ലാ ഘട്ടങ്ങളിലും അവർക്കു ഗതിമുട്ടുന്നു. മുകളിലെ രാഷ്ട്രീയമാണ്, കുറെയൊക്കെ വിദ്യാർഥികളെയും രാഷ്ട്രീയത്തിലേക്കു തള്ളിവിടുന്നത്. ഈ ദുഷ്പ്രവണത ഇനിയും ശക്തിപ്പെടുത്തി, സർവകലാശാലയിൽ സർവത്ര ഭരണകക്ഷിയുടെ രാഷ്ട്രീയം കുത്തിച്ചെലുത്തുമാറുള്ള നിയമനിർമാണം ഗർഹണീയമാണ്. ഇക്കാര്യത്തിൽ ഗവൺമെൻറ് രണ്ടാമതൊന്നു ചിന്തിച്ചേ ഒക്കൂ.

## വിദ്യാഭ്യാസ സംരക്ഷണ സമിതി കൂട്ടധർണ

കേരളസർക്കാരിന്റെ വികലമായ വിദ്യാഭ്യാസനയം തിരുത്തണമെന്നാവശ്യപ്പെട്ട് കെ എസ് ടി എ, എ കെ പി സി ടി എ, എ കെ ജി സി ടി എന്നീ സംഘടനകൾ ചേർന്നു രൂപീകരിച്ചിട്ടുള്ള വിദ്യാഭ്യാസ സംരക്ഷണസമിതി ജില്ലകളിലെ പ്രധാനകേന്ദ്രങ്ങളിൽ കൂട്ടധർണ നടത്തി. ജൂൺ 26 ന് നടന്നധർണ സ്ക്കൂൾ കോളേജ് മേഖലയിലെ അധ്യാപകരുടെ സംഘടിത സമരത്തിന് തുടക്കം കുറിയ്ക്കുകയായിരുന്നു. ശിശുവിദ്യാഭ്യാസം മുതൽ സർവ്വകലശാലാ വിദ്യാഭ്യാസംവരെ ഇന്നു നിറഞ്ഞുനില്ക്കുന്ന അഴിമതിയും, വിഭാഗീയതയും മാററിയെടുക്കാൻ വിദ്യാഭ്യാസ സ രക്ഷണസമിതിയുടെ പോരാട്ടങ്ങൾ കൊണ്ടേ സാധ്യമാകൂ എന്ന് ധർണയെ അഭിസംബോധന ചെയ്ത സംഘടനാ നേതാക്കൾ അഭിപ്രായപ്പെട്ടു.

(6-ാം പേജിന്റെ തുടർച്ച)

''വിദ്യാഭ്യാസരംഗത്ത് കച്ചവടവും അഴിമതിയുമാണ്. സ്വകാര്യവിദ്യാലയങ്ങൾ അനുവദിക്കുന്നതു മുതൽ അദ്ധ്യാപക നിയമനത്തിലും, വിദ്യാർത്ഥിപ്രവേശനത്തിലും കോഴ സമ്പ്രദായം നിലനിൽക്കുന്നു. അൺഎയ്ഡഡ് കോളേജുകളും സെൽഫ് ഫൈനാൻസിംഗ് കോളേജുകളും അനുവദിച്ച് വിദ്യാഭ്യാസ കച്ചവടത്തെ പ്രോൽസാഹിപ്പിക്കുന്നു അൺഎയിഡഡ് സ്കൂളുകളും യഥേഷ്ടം അനുവദിക്കുന്നു. വിദ്യാഭ്യാസ രംഗത്തെയാകെ കമ്പോളവൽക്കരിച്ചിരിക്കുന്നു.''

''ജാതി-മത വർഗ്ഗീയ പരിഗണനകൾ വച്ചാണ് വിദ്യാലയങ്ങൾ അനുവദിക്കുന്നത്. വിദ്യാർത്ഥി പ്രവേശനത്തിലും അദ്ധ്യാപക നിയമനത്തിലും ഈ പരിഗണനയുണ്ട്. മതേതരത്വം വളർത്തേണ്ടതിനു പകരം കേരളത്തിൽ വിദ്യാഭ്യാസം വർഗ്ഗീയതയാണ് വളർത്തുന്നത്.''

''സ്വകാര്യവൽക്കരണത്തേയും വരേണ്യവല്ക്കരണത്തേയും വർഗ്ഗീയതയേയും വിദ്യാഭ്യാസ കച്ചവടത്തേയും പ്രോൽസാഹിപ്പിക്കുന്നതാണ് കേരള സർക്കാർ ഇന്ന് സ്വീകരിച്ചിരിക്കുന്നനയം. ഇതേവരെ കേരളം ആർജ്ജിച്ച വിദ്യാഭ്യാസ സംസ്കാരത്തെ നശിപ്പിക്കുന്ന തരത്തിലുള്ളതാണ് സർക്കാരിന്റെനയം.''

## വിദ്യാഭ്യാസ രീതി – സ്വാതന്ത്ര്യത്തിനു മുൻപും പിൻപും

മുകളിൽ ഉദ്ധരിച്ചു ചേർത്തിട്ടുള്ള അഭിപ്രായങ്ങളോട് പൊതുവിൽ യോജിപ്പുണ്ടെങ്കിലും അതിലെ ഒരു അപാകത എടുത്തുകാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു: സ്വാതന്ത്ര്യത്തിനു മുൻപ് ബ്രിട്ടീഷ് ഭരണാധികാരികളും തുടർന്ന് കോൺഗ്രസ് ഭരണാധികാരികളും ആവിഷ്കരിച്ച വിദ്യാഭ്യാസ രീതിയുടെ മൗലികമായ തെററിലേക്ക് വിരൽ ചൂണ്ടാത്ത ഒരു വിലയിരുത്തലാണിത്. അതുകൊണ്ട് ഇന്നലത്തേയും ഇന്നത്തേയും വിദ്യാഭ്യാസ രീതിയ്ക്കുള്ള മെച്ചവും അതിൽ കടന്നു കൂടിയിട്ടുള്ള വൈകല്യങ്ങളും സംബന്ധിച്ച് ഒരു സൂക്ഷ്മ പരിശോധന നടത്തേണ്ടിയിരിക്കുന്നു: അതിന്റെ ചട്ടക്കൂട്ടിനകത്തു വേണം ''വിദ്യാഭ്യാസ സംരക്ഷണ സമിതി'' ചൂണ്ടിക്കാണിച്ചതെററുകൾ കണ്ടുപിടിക്കുകയും തിരുത്തുകയും ചെയ്യാനുള്ള ശ്രമം. അതാണ് ഞാൻ ഈ പ്രബന്ധത്തിൽ ചെയ്യാൻ പോകുന്നത്.

ബ്രിട്ടീഷ് ഭരണാധികാരികൾ ഇന്ത്യയിലേയ്ക്കു കൊണ്ടു വന്ന വിദ്യാഭ്യാസ രീതി അവർ നടത്തിയ സാംസ്കാരിക വിപ്ലവത്തിന്റെ ഭാഗമായിരുന്നു യൂറോപ്യൻ നവോത്ഥാന കാലത്ത് അതിന്റെ ഭാഗമായി വളർന്നുവരാൻ തുടങ്ങിയ പ്രകൃതി ശാസ്ത്രങ്ങളും സാമൂഹ്യ വിജ്ഞാനവും ഇന്ത്യയിലെ വളരുന്ന തലമുറകൾക്ക് പകർന്നു കൊടുക്കാനാണ് വിദ്യാഭ്യാസ സ്ഥാപനങ്ങളെ അവർ ഉപയോഗിച്ചത്. അതിന്റെ ഫലമായി ആധുനിക ലിബറൽ സംസ്കാരം ഇന്ത്യയിലേക്കു കടന്നുവന്നു. അതിന്റെ സൃഷ്ടിയാണ് നമ്മുടെ ദേശീയ പ്രസ്ഥാനവും അതിനകത്തു രൂപപ്പെട്ട ഇടതുപക്ഷ പ്രസ്ഥാനങ്ങളും. അവ പിന്നീട് ബ്രിട്ടീഷ് ഭരണാധികാരികൾക്ക് തന്നെ എതിരായി ജനകോടികളെ സംഘടിപ്പിക്കാൻ സഹായിച്ചു- ഇതാണ് ബ്രിട്ടീഷ് വിദ്യാഭ്യാസ രീതി കൊണ്ട് നമുക്ക് കൈവന്ന നേട്ടം.

പക്ഷെ, ഇതിനൊരു മറുവശമുണ്ട്. സ്വന്തം രാജ്യത്തു തങ്ങൾ വളർത്തിയെടുത്ത ലിബറൽ സംസ്കാരം ജനങ്ങൾക്കാകെ പകർന്നു കൊടുക്കുകയായിരുന്നില്ല ബ്രിട്ടീഷ് ഭരണാധികാരികളുടെ ലക്ഷ്യം. തങ്ങളുടെ മേധാവിത്വം നിലനിർത്താനാവശ്യമായ ഒരു വരേണ്യവർഗ്ഗത്തെ ഇന്ത്യാക്കാർക്കിടയിൽ നിന്ന് വളർത്താനാണ് അവർ തങ്ങളുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഉപയോഗിച്ചത്. മെക്കാളെ പ്രഭുവിന്റെ ഭാഷയിൽ ,ഉടുപ്പിലും നടപ്പിലും ചിന്തയിലുമെല്ലാം വെള്ളക്കാരായ – തൊലിയുടെ നിറത്തിൽ മാത്രം വെള്ളക്കാരല്ലാത്ത - പുതിയ തലമുറകളെ സൃഷ്ടിക്കലായിരുന്നു ബ്രിട്ടീഷുകാർ ആവിഷ്കരിച്ച വിദ്യാഭ്യാസ രീതിയുടെ ഉന്നം.

ഇതിന്റെ സ്വാഭാവിക ഫലമായി, ജനങ്ങളിൽ ഒരു ചെറിയ ന്യൂനപക്ഷം വരുന്ന വരേണ്യ വർഗ്ഗമൊഴിച്ച് ജനങ്ങളാകെ വിദ്യാഭ്യാസത്തിന്റെ പരിധിയിൽ നിന്ന് വെളിയിലായി. സാധാരണക്കാരുമായി ബന്ധമില്ലാത്ത 'അഭ്യസ്തവിദ്യർ' രൂപപ്പെട്ടു. ഇതിന്റെ ദോഷങ്ങൾ മനസിലാക്കിയ ദേശീയ നേതാക്കൾ ബ്രിട്ടീഷുകാരുടെതിനു ബദലായ ഒരു ദേശീയ വിദ്യാഭ്യാസ പദ്ധതി ആവിഷ്കരിക്കാൻ ശ്രമിച്ചു. അതിന്റെ പരിണതഫലമാണ് മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൻ സക്കീർ ഹു

സെൻഅടക്കം ഒരു സംഘം വിദ്യാഭ്യാസ വിചക്ഷണൻമാർ രൂപപ്പെടുത്തിയ വാർദ്ധ വിദ്യാഭ്യാസ പദ്ധതി.

മുൻപ് ബ്രിട്ടീഷ് വിദ്യാഭ്യാസ രീതി ക്കെന്നപോലെ. പിന്നീടു വന്ന ദേശീയ വിദ്യാഭ്യാസ രീതിക്കും ഗുണങ്ങളും ദോഷങ്ങളുമുണ്ടായിരുന്നു ''വെള്ളക്കോളർ ജോലിക്കാരെ സൃഷ്ടിക്കുന്ന ബ്രിട്ടീഷ് വിദ്യാഭ്യാസ രീതിക്കു പകരം കായിക അദ്ധ്വാനത്തിനു വിദ്യാർത്ഥിനീ വിദ്യാർത്ഥികളെ സന്നദ്ധരാക്കാൻ ശ്രമിച്ചുവെന്നതാണ് ദേശീയ വിദ്യാഭ്യാസരീതിയുടെ ഗുണങ്ങളിൽ പ്രധാനമായത്. പ്രധാന ദോഷമാകട്ടെ, കായികാദ്ധ്വാനത്തിന് യുവതീ യുവാക്കളെ തയ്യാറാക്കുന്നതിന്റെ രൂപം ഗാന്ധിയൻ മാതൃകയിലുള്ള ചർക്കയും ഗ്രാമോദ്യോഗങ്ങളും മാത്രം പഠിപ്പിക്കുക എന്നതായി തീർന്നുവെന്നതാണ്. വ്യാവസായികമായും കാർഷികമായും അനുസ്യൂതം നവീകരിക്കപ്പെടുന്ന ഒരു പുതിയ സമൂഹത്തിലെ പൗരൻമാരായി വളരാൻ ആ വിദ്യാഭ്യാസരീതി വിദ്യാർത്ഥിനീ വിദ്യാർത്ഥികളെ സഹായിച്ചില്ല.

എന്നാൽ, ദേശീയ വിദ്യാഭ്യാസ പദ്ധതി പൊളിയാനുള്ള പ്രധാന കാരണം സ്വാതന്ത്ര്യലബ്ധിക്ക് ശേഷമുള്ള ഇന്ത്യൻ ഭരണകർത്താക്കൾ മുൻപ് ബ്രിട്ടീഷുകാരുടേതെന്നപോലെ 'വെള്ളക്കോളർ' ജോലിക്കാരെ സൃഷ്ടിക്കുന്ന വിദ്യാഭ്യാസ രീതി നിലനിർത്തിയെന്നതായിരുന്നു. അതുകൊണ്ട് ജനസംഖ്യയിൽ ഒരു ചെറു ന്യൂനപക്ഷം മാത്രംവരുന്ന ''വെള്ളക്കോളർ; ജോലിക്കാരൊഴിച്ച് ബഹുഭൂരിപക്ഷം ജനങ്ങൾക്ക് യാതൊരു ഗുണവും ചെയ്യാത്ത ഒരു വിദ്യാഭ്യാസ രീതിയായിതീർന്നു ഇന്നത്തേത്.

## വിദ്യാഭ്യാസത്തിന്റെ മുഖ്യ ലക്ഷ്യം – മാനുഷിക വിഭവങ്ങൾ വളർത്തിയെടുക്കൽ:

മുൻപ് ബ്രിട്ടീഷ് ഭരണാധികാരികൾക്കും ഇപ്പോൾ കോൺഗ്രസ് ഭരണാധികാരികൾക്കും വിദ്യാഭ്യാസ രീതി കൊണ്ടുണ്ടാവേണ്ട നേട്ടം ഒന്നു തന്നെയാണ്. തങ്ങളുടെ ഭരണം നടത്തുന്നതിനാവശ്യമായ മേലുദ്യോഗസ്ഥൻമാർ, കീഴ് ജീവനക്കാർ എന്നിവരേയും വളർന്നു വരുന്ന മുതലാളിവർഗ്ഗത്തിനു ആവശ്യമായ ജോലിക്കാരെയും സൃഷ്ടിച്ചുണ്ടാക്കൽ. അതിനുവേണ്ടിയാണ് ശിശുക്ലാസ് തൊട്ട് ബിരുദാനന്തര ബിരുദ ക്ലാസുകൾ വരെ ഓരോ നിലവാരത്തിലും വിദ്യാഭ്യാസം സംഘടിപ്പിച്ചിട്ടുള്ളത്.

പക്ഷേ, സർക്കാരിന്റെ കീഴിലോ സ്വകാര്യ മുതലാളിമാരുടെ കീഴിലോ ജോലികിട്ടാൻ കൊതിക്കാവുന്ന ''വെള്ളക്കോളർ ''ജോലിയുടെ എണ്ണം വളരെ വളരെ പരിമിതമാണ്. ''വെള്ളക്കോളർ, ജോലിക്കാരെ സൃഷ്ടിക്കുന്ന വിദ്യാഭ്യാസ രീതി യഥാർത്ഥത്തിൽ ചെയ്യുന്നതു അഭ്യസ്ത വിദ്യരായ തൊഴിലില്ലാത്തവരെ സൃഷ്ടിക്കുകയാണെന്നർത്ഥം. ബഹുഭൂരിപക്ഷം പേരും സ്വന്തം നാട്ടിലിരുന്നു കൃഷിയോ കൈത്തൊഴിലുകളോ നടത്തി സ്വയം ജീവിക്കാനാഗ്രഹിക്കുന്നവരാണ് അവരുടെ ആകെ തുകയാണ് നമ്മുടെ രാജ്യത്തിന്റെ മാനുഷിക വിഭവശേഷി അതിനെ വളർത്തി വികസിപ്പിക്കലായിരിക്കണം വിദ്യാഭ്യാസത്തിന്റെ പ്രധാന ലക്ഷ്യം.

ഒരു തത്വമെന്ന നിലയ്ക്ക് ഇന്നത്തെ കേന്ദ്ര കോൺഗ്രസ് ഗവൺമെന്റ് ഇതംഗീകരിച്ചിട്ടുണ്ട്. അതുകൊണ്ടാണല്ലോ വിദ്യാഭ്യാസ വകുപ്പെന്ന പേരുമാററി ''മാനുഷിക വിഭവശേഷി വകുപ്പെന്നപേർ ഗവൺമെന്റ് നൽകിയിട്ടുള്ളത്. പക്ഷെ വകുപ്പിന്റെ പേരിൽ എന്തുമാററം വരുത്തിയാലും, ശിശുക്ലാസിൽ ചേരുന്ന ഓരോ കുട്ടിയും ബിരുദവും ബിരുദാനന്തര ബിരുദവും നേടി ''വെള്ള കോളർ'' ജോലിക്കാരായി ഉയരുമെന്ന് മാതാപിതാക്കൾ കരുതുന്നു.

ഇതിന്റെതന്നെ മറെറാരു രൂപമാണ് കേരളത്തിലെ ഒരു കുട്ടിക്ക് ശിശുക്ലാസ് തൊട്ട് ബിരുദാനന്തര,ബിരുദം വരെ എല്ലാ നിലവാരങ്ങളും കടന്നു പോകുന്നതിന് മലയാളം പഠിക്കേണ്ടതില്ലെന്ന വ്യവസ്ഥ വന്നതും അതിന്റെ ഫലമായി രൂപംകൊണ്ട ''മമ്മി ഡാഡി'' സംസ്ക്കാരവും, ഇതാണ് നമ്മുടെ വിദ്യാഭ്യാസ പ്രശ്നത്തിന്റെ മർമ്മമെന്ന് പ്രൊഫസർ ഗുപ്തൻനായരെ പോലുള്ളവർ സംഘടിപ്പിച്ച ''വിദ്യാഭ്യാസ സുരക്ഷാസമിതി'' അംഗീകരിക്കുന്നില്ല ''വിദ്യാഭ്യാസ സംരക്ഷണ സമിതിയാകട്ടെ, ഇന്നത്തെ വിദ്യാഭ്യാസ രീതിയിലുള്ള പല ദോഷങ്ങളിലേയ്ക്കും വിരൽ ചൂണ്ടുന്നുണ്ടെങ്കിലും, ദോഷങ്ങളുടെ കേന്ദ്രമായ വസ്തുതയിലേയ്ക്ക് ശ്രദ്ധ ചെലു

ത്തുന്നില്ല. നമുക്ക് ഇന്നാവശ്യമായിട്ടുള്ളതാക ട്ടെ,വിദ്യാഭ്യാസ മേഖലയെ മാനുഷികവിഭവങ്ങ ളുടെ വളർച്ചയ്ക്കുള്ള ഉപകരണമായികണ്ട് അ തിന്റെ ചട്ടക്കൂടിൽ മാത്രം വിദ്യാഭ്യാസ സംര ക്ഷണസമിതി പൂണ്ടികാണിക്കുന്ന അപാകത കൾ ഇല്ലാതാക്കുകയാണ്. പ്രൊഫസർ ഗുപ്തൻ നായരെ പോലുള്ളവർ ഉന്നയിക്കുന്ന "വിദ്യാലയ രാഷ്ട്രീയ" പ്രശ്നവും അതി ന്റെ ചട്ടക്കൂടിനകത്ത് പരിഹരിക്കാൻ നോക്കു കയാണ്.

## ഭാവി വിദ്യാഭ്യാസ രീതി – ഒരു രൂപരേഖ

ഇതിനുവേണ്ട പ്രായോഗിക നിർദ്ദേശ ങ്ങൾ നല്കാൻ ഞാൻ അശക്തനാണ്. വി ദ്യാർഥികളുടേയും അദ്ധ്യാപകരുടേയും സം ഘടനകൾ മററു വിദ്യാഭ്യാസവിചക്ഷണൻമ മാരും ബഹുജനനേതാക്കളും എന്നിവർ കൂട്ടായ പുതിയ വിദ്യാഭ്യാസ രീതിയ്ക്ക് ഒരു രൂപ രേഖ തയാറാക്കുകയാണ് വേണ്ടത്. അതിനു സഹായകമാവുമെന്ന് എനിയ്ക്ക് തോന്നുന്ന ചില നിർദേശങ്ങളാണ് താഴെ കൊടുക്കുന്നത്.

## 1. പ്രാഥമിക വിദ്യാഭ്യാസം

ഈ നിലവാരത്തിൽ വിദ്യാർഥികളിൽ ബഹുഭൂരിപക്ഷം വിദ്യാഭ്യാസത്തിനുശേഷം സ്വന്ത നാട്ടിൽ തന്നെ ജീവിക്കേണ്ടവരാണ്. അ വർക്ക് സയൻസുകളുടെയും സാമൂഹ്യവി ജ്ഞാനത്തിന്റെയു പ്രാഥമികപാഠങ്ങൾ അറി യാൻ സഹായിക്കുന്ന ഒരു പാഠ്യപദ്ധതിയാണ് വേണ്ടത്. ഉപരി പഠനത്തിനു പോകാതെ പ ഠിത്തം നിർത്തുന്ന ബാലികാ ബാലന്മാർക്ക് സ്വന്തം നാട്ടിൽ ജീവിക്കാനാവശ്യമായ ഏതെങ്കി ലും ജോലിയിൽ—കൃഷിയിലോ കൈതൊഴി ലിലോ—പ്രാഥമിക പരിശീലനം നൽകണം. മലയാളഭാഷ അനായാസം കൈകാര്യം ചെയ് യാൻ വേണ്ടടത്തോളം ഭാഷാഭ്യാസനവും ഈ നിലവാരത്തിൽ നിർബന്ധമാക്കണം. (മലയാള ത്തിനു പകരം ഹിന്ദിയോ ഇംഗ്ലീഷോ മറ്റേ തെങ്കിലും ഭാഷയോ പഠിക്കാനുള്ള വ്യവസ്ഥ ഉണ്ടാവരുതെന്നർത്ഥം) അതേ സമയം, മററെ ല്ലാ വിഷയങ്ങളും പഠിക്കുന്നതിനുള്ള ഭാഷയാ യി മലയാളം ഉപയോഗിക്കുകയും വേണം. അ ങ്ങനെ വന്നാൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാവുന്നതോടെ സ്വന്തം നാട്ടിൽ പണി യെടുത്തു ജീവിക്കാനാവശ്യമായ മലയാള വിജ്ഞാനം ഈ തലത്തിലെ വിദ്യാർത്ഥിനി വിദ്യാ ർത്ഥികൾക്കുണ്ടാവും. ഈ തലത്തിലെ വിദ്യാ ഭ്യാസം നിർബന്ധവും സൗജന്യവുമാവണമെ ന്ന് പറയേണ്ടതില്ലല്ലോ

## സെക്കൻററി നിലവാരം

ഈ നിലവാരത്തിലുള്ള വിദ്യാർത്ഥിനീ വിദ്യാർത്ഥികളും വിദ്യാഭ്യാസത്തിനുശേഷം നാട്ടിൽ തന്നെ ജീവിക്കേണ്ടവരാണ്. പക്ഷെ, സയൻസുകളുടേയും സാമൂഹ്യവിജ്ഞാനത്തി ന്റെയും നിലവാരം മുൻപത്തേതിനേക്കാൾ ഉ യർന്നതായിരിക്കണം. ഈ നിലവാരത്തിലുള്ള വിദ്യാഭ്യാസം കഴിയുംപേഴക്ക് കൂടുതൽ ഉയർ ന്ന വൈജ്ഞാനിക നിലവാരത്തോടു കൂടി സ്വന്തം നാട്ടിൽതന്നെ ജോലിചെയ്തു ജീവി ക്കാൻ വേണ്ട പരിശീലനം നൽകണം. ഈ നില വാരത്തിലുള്ള വിദ്യാർത്ഥിനി വിദ്യാർത്ഥി കൾക്ക് ഇംഗ്ലീഷും ഹിന്ദിയും നിർബന്ധ മാക്കണം. അത് മററു സംസ്ഥാനങ്ങളിലോ അന്യരാജ്യങ്ങളിൽ തന്നെയോ ജോലി ചെയ്തു ജീവിക്കാൻ സഹായിക്കുന്നതിനു പുറമെ ശാസ് ത്ര സാങ്കേതിക വിദ്യകൾ സ്വായത്തമാക്കാനും സഹായിക്കും. എന്നാൽ ഈ ഘട്ടത്തിൽ മലയാളം ഒരു പ്രത്യേക വിഷയമായി പഠിപ്പിക്കേണ്ടതില്ല മററു വിഷയങ്ങൾ പഠിക്കാനുള്ള അദ്ധ്യയന ഭാഷയായി മലയാളം ഉപയോഗിച്ചാൽ മതി.

## 3. ഉന്നതവിദ്യാഭ്യാസം

സെക്കൻററി വിദ്യാഭ്യാസം കഴിഞ്ഞു പുറ ത്തുവരുന്ന വിദ്യാർത്ഥികളിൽ ബഹുഭൂരിപ ക്ഷം ഏതെങ്കിലും ഒരു തൊഴിൽ പ്രാവീണ്യം നേടി അതിൽ ജോലി സമ്പാദിക്കാൻ ശ്രമിക്ക ന്നവരാണ്. അവർക്ക് അതിനു പററുന്ന പ്ര ത്യേക വൈദഗ്ധ്യം നേടാൻ സഹായിക്കുന്ന വി ദ്യാലയങ്ങളുണ്ടാവണം. അദ്ധ്യാപകർ ഗുമ സ്ഥൻമാർ, എഞ്ചിനീയർമാർ, ഡോക്ടർമാർ, കൃഷിവിദഗ്ധർ മുതലായ നിലയിൽ സ്വയം ജോലി ചെയ്തോ മററുള്ളവരുടെ കീഴിൽ ജോ ലി സമ്പാദിച്ചോ ജീവിക്കേണ്ടവർക്ക് അതാതിൽ പരിശീലനം നൽകുന്ന വിദ്യാലയങ്ങൾ വേണം. എന്നാൽ, ഒരു ചെറു ന്യൂനപക്ഷം സയൻസു കളിലോ സാമൂഹ്യവിജ്ഞാന മേഖലയിലോ ഗവേഷണങ്ങൾ നടത്തി വിദഗ്ധരാകാൻ ആഗ്ര ഹിക്കുന്നവരാണ്. ഈ വിഭാഗത്തെ പരിശീ ലിപ്പിക്കാനാണ് സർവകലാശാലകൾ നടത്തേണ്ട

## വിരമിച്ച അദ്ധ്യാപകർ



പ്രൊ. എം. ഇ. ജി. നമ്പൂതിരി
സെൻറ് ഗ്രിഗോറിയസ് കോളേജ് കൊട്ടാരക്കര.



പ്രൊ. എ. എൻ. ചെട്ടിയാർ
എസ്. എൻ. കോളേജ്
നാട്ടിക



പ്രൊ. തോമസ് ജോൺ
സെൻറ് ഗ്രിഗോറിയസ്
കോളേജ്, കൊട്ടാരക്കര

---

ത്. ബിരുദക്ലാസുകൾ സംഘടിപ്പിക്കുന്ന കോളേജുകളുടെ മേൽനോട്ടമോ ബിരുദ ക്ലാസുകൾക്ക് വേണ്ട പരീക്ഷകൾ സംഘടിപ്പിക്കലോ സർവകലാശാലകളുടെ ചുമതലയായിരിക്കരുതെന്നർത്ഥം. പഠനഗവേഷണങ്ങൾ സംഘടിപ്പിക്കുകയും ബിരുദാനന്തരബിരുദങ്ങൾ നൽകുകയും മാത്രമായിരിക്കണം സർവകലാശാലകളുടെ ചുമതലകൾ.

### ഈ രൂപരേഖയ്ക്ക് ചില വിശദീകരണങ്ങളാവശ്യമുണ്ട്.

ഒന്നാമത് ഇപ്പോൾ ബിരുദക്ലാസോടുകൂടി അവസാനിക്കുന്നതായി കരുതപ്പെടുന്ന പൊതുവിദ്യാഭ്യാസം സെക്കൻററി തലത്തോടുകൂടി അവസാനിക്കണം. അതിനു മീതെയുള്ള വിദ്യാഭ്യാസം നിശ്ചിത ജോലികൾക്കോ പഠനഗവേഷണങ്ങൾക്കോ വേണ്ടിയുള്ളത് മാത്രമായിരിക്കണം. അതുകൊണ്ട് ഗുമസ്തൻമാരടക്കമുള്ള സർക്കാർ ജോലിക്ക് സെക്കൻററി വിദ്യാഭ്യാസം ലഭിച്ചാൽ മതിയാകുമെന്ന് നിശ്ചയിക്കണം. ഗുമസ്തനെ നിയമിക്കാൻ പോലും ബിരുദധാരിയെ തേടുക, ബിരുദാനന്തര ബിരുദമുണ്ടെങ്കിൽ അയാൾക്ക് മുൻഗണന കൊടുക്കുക മുതലായ ഇന്നത്തെ രീതി അവസാനിപ്പിക്കണമെന്നർത്ഥം.

രണ്ടാമത് സെക്കൻററി വിദ്യാഭ്യാസം കഴിഞ്ഞാൽ പിന്നീടുള്ള തലങ്ങൾ സാങ്കേതിക വൈദഗ്ധ്യമോ ഗവേഷണ പരിചയമോ നേടാനുള്ളതാകയാൽ ഓരോ ജോലിക്കും എത്രപേർ ആവശ്യമുണ്ടെന്ന് മുൻകൂർ നിശ്ചയിച്ച് അതിനൊപ്പിച്ച സീററുകളെ ഉപരിവിദ്യാഭ്യാസത്തിനുള്ള വിദ്യാലയങ്ങളിൽ ഉണ്ടാവൂ എന്നു വരണം. സമൂഹത്തിനാവശ്യമുള്ളതിലധികം ബിരുദധാരികളെയും ബിരുദാനന്തര ബിരുദധാരികളേയും സൃഷ്ടിക്കുന്ന ഇന്നത്തെ സ്ഥിതി അവസാനിപ്പിക്കണമെന്നർത്ഥം.


മൂന്നാമത്, ഭാഷാ പഠനത്തിന് ഇന്ന് നൽകുന്ന അമിതപ്രാധാന്യം എടുത്തു കളയണം. വിഷയം പഠിക്കാനുള്ള മാധ്യമമാണ് ഭാഷ. നമ്മുടെ നാട്ടിൽനിന്ന് മററു രാജ്യങ്ങളിലേയ്ക്ക് ഉപരിവിദ്യാഭ്യാസത്തിനു പോകുന്ന വിദ്യാർത്ഥിനി വിദ്യാർത്ഥികൾ ആറുമാസംകൊണ്ട് അതത് രാജ്യത്തെ ഭാഷ പഠിക്കുന്നു. നാട്ടുകാരുമായി സംസാരിക്കാനും ഗ്രന്ഥങ്ങൾ, ആനുകാലികങ്ങൾ എന്നിവ വായിക്കാനുമുള്ള കഴിവ് അതുകൊണ്ട് കിട്ടുന്നു. ആ സ്ഥിതിക്ക് മലയാളം ഒരു ഭാഷയായി പ്രാഥമിക തലത്തിൽ മാത്രം നിർബന്ധമായി പഠിക്കുകയും ഇംഗ്ലീഷും ഹിന്ദിയും സെക്കൻററി തലത്തിൽ പഠിക്കുകയും സെക്കൻററി ഉപരിതലങ്ങളിൽ അദ്ധ്യാപന ഭാഷ മലയാളമാക്കുകയും ചെയ്താൽ ഭാഷാപഠനം വേണ്ടതുപോലെ നടക്കും.

എല്ലാററിനും മീതെ, ഇവിടെ വിദ്യാഭ്യാസ പ്രശ്നം രാഷ്ട്രീയവും നയപരവുമാണ്. ഒന്നര നൂററാണ്ടുകാലത്തെ ബ്രിട്ടീഷ് ഭരണത്തിൻ കീഴിലും നാലര പതിററാണ്ടുകാലത്തെ കോൺഗ്രസ് ഭരണത്തിൻ കീഴിലും രൂപപ്പെട്ട വരേണ്യവിദ്യാഭ്യാസം നമ്മുടെ നാട്ടിലെ ജനകോടികൾക്കാവശ്യമായ വിദ്യാഭ്യാസമാക്കി മാററാനുള്ള ഇച്ഛാശക്തി നമുക്കുണ്ടോ എന്നതാണ്. □

Kerala Private college teacher No. 111 R. No 36025/81 Registered No. KLTV(N)35




സംഘശക്തി ഉജ്ജ്വലപ്രകടനം



വനിതാ പങ്കാളിത്തം



രക്തസാക്ഷി മണ്ഡപത്തിൽ പുഷ്പാർച്ചന



പ്രസിഡന്റ് പതാക ഉയർത്തുന്നു.




Printed and published by v. narayanankutty at chempaka printers trivandrum-4. phone :442127 chief editor : k. sukumaran nair